# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി . 9/21/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/03/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി . 9/21/22 തീയ്യതി: 22/03/2022

## പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2019 മുതൽ 10-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 13-12-2021 | 29-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 29-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യൂ.ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. വി.ടി.ഉഷാകുമാരി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. കെ.ആർ. രമാദേവി, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രുമീതി.കെ.അനിത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രമണി. കെ. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.നാരായണൻകുട്ടി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ഗോപീകൃഷ്ണൻ | സെക്രട്ടറി | 01-04-2020 | 19-06-2020 |
| ശ്രീ.സുരേഷ്.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-06-2020 | 16-07-2020 |
| ശ്രീ.ഷറഫുദ്ദീൻ .ഐ | സെക്രട്ടറി | 17-07-2020 | 03-08-2020 |
| ശ്രീ.ഗിരിപ്രസാദ്. പി.എൽ | സെക്രട്ടറി | 04-08-2020 | 09-02-2021 |
| ശ്രീ. സുരേഷ്.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-02-2021 | 19-02-2021 |
| ശ്രീ. ഷാജഹാൻ. ഇ | സെക്രട്ടറി | 20-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്.പി. | അസി. സെക്രട്ടറി | 01-04-2020 | 24-02-2021 |
| ശ്രീ.ഹരിമോഹൻ കൃഷ്ണൻ | അസി. സെക്രട്ടറി | 25-02-2021 | 31-03-2021 |
| ശ്രീമതി.മല്ലിക.കെ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 01-02-2021 |
| ശ്രീ. അജിഷ് കുമാർ .പി.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 02-02-2021 | 31-03-2021 |
| ശ്രീമതി. ശാന്തിനി.എസ്. | കൃഷി ഓഫീസർ | 01-04-2020 | 30-06-2020 |
| ശ്രീ. സാജിദ് അലി.പി | കൃഷി ഓഫീസർ | 01-07-2020 | 30-09-2020 |
| ശ്രീ.അജി. എസ്. ആനന്ദ് | കൃഷി ഓഫീസർ | 01-10-2020 | 31-03-2021 |
| ഡോ.വനജ.പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.ഹണി റോസ്. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ. സൂസൻ ചെറിയാൻ | വെറ്റിനറി സർജൻ | 01-04-2020 | 30-06-2020 |
| ഡോ. അശ്വതി | വെറ്റിനറി സർജൻ | 01-07-2020 | 07-09-2020 |
| ഡോ. അപർണ എസ്. | വെറ്റിനറി സർജൻ | 08-09-2020 | 31-03-2021 |
| ശ്രീമതി. കണ്ണമ്മ.വി.ആർ | ഐ.സി.ഡി.എസ്. | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീ. റഷീദ്. ഇ | അസി.എഞ്ചിനീയർ | 01-04-2019 | 02-11-2019 |
| ശ്രീ. സുജി. എസ്. | അസി.എഞ്ചിനീയർ | 03-11-2019 | 31-03-2021 |
| ശ്രീ. പോൾ എം. എഫ്. | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 10-11-2020 |
| ശ്രീ. രാജേഷ്. എസ്. | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 11-11-2020 | 31-03-2021 |
| ശ്രീ. ജയകുമാർ. ആർ.ജി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 30-04-2020 |
| ശ്രീ. അനീഷ്. നാരായണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-05-2020 | 31-03-2021 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 10-03-2022) | 1-1 |
| 2 | ബജറ്റ് രൂപീകരണ പ്രക്രിയ<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Anitha K (Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Anitha K (Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Biju Antony (Audit Officer, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Anitha K (Auditor, On 16-12-2021)<br>Last Updated By: Anitha K (Auditor, On 16-12-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-10 |
| 13 | വസ്തു നികുതി<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-11 |
| 14 | ഉപയോഗക്രമത്തിലുള്ള വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.<br>Written By: Anitha K (Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-11-1 |
| 15 | തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ പ്രതിവർഷം 5560 രൂപയുടെ നഷ്ടം<br>Written By: Anitha K (Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-11-2 |
| 16 | എയർ കണ്ടീഷനിംഗിൽ ചുമത്തേണ്ട 10% വർദ്ധനവ് രേഖപ്പെടുത്താത്തതിനാൽ 1760 രൂപ വസ്തുനികുതിയിൽ നഷ്ടം | 1-11-3 |

| | | |
|---|---|---|
| | Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | |
| 17 | തൊഴിൽ നികുതി<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Anitha K (Auditor, On 29-12-2021) | 1-12 |
| 18 | തൊഴിൽ നികുതി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-12-1 |
| 19 | വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-12-2 |
| 20 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-12-3 |
| 21 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 1-12-4 |
| 22 | ലൈസൻസ് ഫീസ്<br>Written By: Anitha K (Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-13 |
| 23 | ലൈസൻസ് ഫീസ് - ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Anitha K (Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-03-2022) | 1-13-1 |
| 24 | ലൈസൻസ് പരിധിയിൽ വരാത്ത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-13-2 |
| 25 | റേഷൻ കടകൾ, കള്ളു ഷാപ്പുകൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്<br>Written By: Anitha K (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-13-3 |
| 26 | കേന്ദ്ര വിഹിതത്തിൽ നിന്നും അധിക ചെലവ്- തുക തിരികെ ഈടാക്കണം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-14 |
| 27 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് - സുഭിക്ഷകേരളം പദ്ധതി പ്രകാരമുള്ള പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-15 |
| 28 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-16 |
| 29 | പാലിന് സബ് സിഡി- അധികം തുക അനുവദിച്ചു<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-16-1 |
| 30 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -വ്യക്തിഗത ആനുകൂല്യത്തിന്റെ പരിധിയിലധികം തുക നല്കി<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 09-02-2022) | 1-16-2 |
| 31 | എ.ബി.സി പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-17 |
| 32 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021) | 1-18 |

| | | |
|---|---|---|
| | Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | |
| 33 | പശു വളർത്തൽ പദ്ധതി- സബ്സിഡി തുക കണക്കിലെടുക്കാതെ പലിശ ഈടാക്കി<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-19 |
| 34 | ഹരിതകർമസേനയുടെ പ്രവർത്തനം-അവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-20 |
| 35 | ലൈഫ്ഭവനം-നിർമാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-21 |
| 36 | ഒരു ഗഡു ധനസഹായം കൈപ്പറ്റി നിർമാണം പൂർത്തിയാക്കാത്തവർ<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-21-1 |
| 37 | ഭവനം നിർമാണം പൂർത്തിയാക്കാനുള്ളവർ- ജനറൽ<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-21-2 |
| 38 | ഭവന നിർമാണം പൂർത്തീകരിക്കാത്തവർ-എസ്. സി. വിഭാഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-21-3 |
| 39 | PMAYവിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-22 |
| 40 | ഐ സി ഡി എസ് സൂപ്പർവൈസർ ജി.എസ്.ടി. ടി.ഡി.എസ് (ടാക്സ് ഡിഡക്ടർ) എടുക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-03-2022) | 1-23 |
| 41 | കട്ടിലുകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റെ രേഖകളില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-24 |
| 42 | സെക്രട്ടറിയുടെ പ്രൊജക്ട് നടപ്പിലാക്കാതിരുന്നതിനാൽ ഗ്രാന്റ് ലാപ്സായി.<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-25 |
| 43 | SSA വിഹിതം നൽകൽ പദ്ധതി- മോണിറ്ററിംഗ് നടത്തിയിട്ടില്ല.<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-26 |
| 44 | ലോൺ രജിസ്റ്ററിന്റെ സൂക്ഷിപ്പിലെ അപാകങ്ങൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-27 |
| 45 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-28 |
| 46 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയില്ല.<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Biju Antony (Audit Officer, On 01-01-2022) | 1-29 |
| 47 | മുൻകൂർ നൽകിയ മുഴുവൻ തുകക്ക് മരുന്നുകൾ ലഭ്യമായില്ല.<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-30 |
| 48 | ഫർണിച്ചറും ഉപകരണങ്ങളും ഹോമിയോ ആശുപത്രിയിൽ കൈപ്പറ്റിയതിന് രേഖയില്ല- ചെലവ് തുക 55909 /- രൂപ തടസ്സത്തിൽ വെക്കുന്നു.<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 1-31 |
| 49 | പ്രിന്റർ ലഭ്യമായില്ല. 14726/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-32 |

| | | |
|---|---|---|
| | Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | |
| 50 | ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമക്കാത്തത് സംബന്ധിച്ച്<br>Written By: Biju Antony (Audit Officer, On 01-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-33 |
| 51 | ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Biju Antony (Audit Officer, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-34 |
| 52 | കുടിവെള്ളപദ്ധതികൾ കുട്ടിക്കെട്ടി അടങ്കൽ തുക വർദ്ധിപ്പിച്ച് പ്രവർത്തനം നിർവ്വഹിച്ചിരിക്കുന്നു.<br>Written By: Biju Antony (Audit Officer, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-35 |
| 53 | മരാമത്ത് പ്രവൃത്തികളിൽ രേഖകളുടെയും റജിസ്റ്ററുകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച്<br>Written By: Biju Antony (Audit Officer, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-36 |
| 54 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-37 |
| 55 | മരാമത്ത് പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം ലഭ്യമാക്കാതെ അടങ്കലിന്റെ 5% ൽ അധികം തുക നൽകിയിരിക്കുന്നു.<br>Written By: Biju Antony (Audit Officer, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-38 |
| 56 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-39 |
| 57 | കൈമാറ്റം ചെയ്യപ്പെട്ട കുടിവെള്ളപദ്ധതികളിൽ 50000രൂപയിൽ താഴെ ചെലവുള്ള പ്രോജക്ടുകൾ നിരവ്വഹിച്ചിരിക്കുന്നു.<br>Written By: Biju Antony (Audit Officer, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 1-40 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പോഷകാഹാര പദ്ധതി-കേന്ദ്ര വിഹിതത്തിൽ നിന്നും അധിക ചെലവ്<br>Written By: Ramadevi.K.R (Senior Grade Auditor, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 3-1 |
| 2 | പാലിന് സബ്സിഡി(സംയുക്തം)-ഗുണഭോക്താക്കൾക്ക് 9681 രൂപ അധികം അനുവദിച്ച<br>Written By: Ramadevi.K.R (Senior Grade Auditor, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 3-2-1 |
| 3 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പരമാവധി തുകയിലും അധികം ആനുകൂല്യം നല്കി<br>Written By: Ramadevi.K.R (Senior Grade Auditor, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 3-2-2 |
| 4 | മരാമത്ത് പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം ലഭ്യമാക്കാതെ അടങ്കലിന്റെ 5% ൽ അധികം തുക നൽകിയിരിക്കുന്നു.<br>Written By: Biju Antony (Audit Officer, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 3-3 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ററുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകകൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 04-01-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 04-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 03-01-2022)<br>Last Updated By: Biju Antony (Audit Officer, On 03-01-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: V.T. Ushakumari (Asst. Audit Officer, On 15-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: V.T. Ushakumari (Asst. Audit Officer, On 15-12-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 15-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: V.T. Ushakumari (Asst. Audit Officer, On 15-12-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 15-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Biju Antony (Audit Officer, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 14-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 22-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഭരണ സമിതിയുടെ 23.03.2020 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 25.02.21 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5699526 |
| പ്രതീക്ഷിതവരവ് | 97246000 |
| പ്രതീക്ഷിത ചെലവ് | 99054100 |
| നീക്കിയിരിപ്പ് | 3891426 |

### 1-1-1 ബജറ്റ് രൂപീകരണ പ്രക്രിയ

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തച്ചമ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2020-21സാമ്പത്തിക വർഷത്തേക്ക് തയ്യാറാക്കിയ ബജറ്റ് പരിശോധിച്ചു. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ട്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്.

എന്നാൽ, 2020-21 വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ച വരവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് |
|---|---|---|
| പ്രരംഭ ബാക്കി | 5699526 | 7872726 |
| തൻവർഷം വരവ് | 97246000 | 58359858 |
| ആകെ വരവ് | 102945526 | 66232584 |
| ചെലവ് | 99054100 | 58356265 |
| നീക്കിയിരിപ്പ് | 3891426 | 7876319 |

ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധയും ദീർഘവീക്ഷണവും ഉണ്ടായെങ്കിൽ മാത്രമേ വരും വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ബജറ്റ് രൂപീകരണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|---|

| | | | | തീയതി |
|---|---|---|---|---|
| 2020-21 | 31/07/2021 | 08/06/2021 | - | - |

1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1.പെർമിറ്റ് ഫീ ഇനത്തിൽ 2020-21വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 76974/- രൂപവരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്റർ സംക്ഷിപ്തത്തിൽ 71629/- രൂപയുമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീയിനത്തിൽ 101050/-രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവുവന്നതിന്റെ രേഖപ്പെടുത്തലുകൾ ഇല്ല. ബിൽഡിംഗ് റഗുലറൈസേഷൻ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പ്രകാരമുള്ള ഡിമാൻറ്റ്, കളക്ഷൻ, ബാലൻസ് തുകകൾ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി ഒത്തു നോക്കുവാൻ സാധിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7872726 |
| വരവ് | 58359858 |
| ആകെ | 66232584 |
| ചെലവ് | 58356265 |
| നീക്കിയിരിപ്പ് | 7876319 |

1-4 ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (*) | 0 | 11221385 | 11221385 | 11221385 | 0 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 4201634 | 4201634 | 4201634 | 0 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 201736 | 201736 | 201736 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 5385534 | 5385534 | 5385534 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3842897 | 3842897 | 3842897 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 5854113 | 5854113 | 5854113 | 0 |
| സെൻട്രൽ | 0 | 758748 | 758748 | 758748 | 0 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied | | | | | |

(*)മേൽ പട്ടികയിൽ സ്രോതസ്സിൽ കുറവ് ചെയ്ത് ജി.ഒ. പ്രൊജക്ടുകൾ മുഖേന ചെലവ് രേഖപ്പെടുത്തിയ തുകകൾ ഉൾപ്പെട്ടിട്ടില്ല.

*ഗ്രാമ പഞ്ചായത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ മേൽ സൂചിപ്പിച്ചവ ഒഴികെ മറ്റ് ഫണ്ടുകളുടെ ACR എഴുതി സൂക്ഷിക്കുകയോ സാംഖ്യ മുഖേന ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ അവയുടെ വിവരങ്ങൾ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 75195790 | 169 | 44457797 | - | 36 | 82 |

അംഗീകാരം ലഭ്യമായ 205പ്രൊജക്ടുകളിൽ 169എണ്ണത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ലക്ഷ്യമിട്ട തുകയുടെ 59 % തുക മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 968545 | 648072 | 67 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 1900000 | 1225000 | 64.47 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 1776477 | 1459923 | 82 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 3 | 3 | 882000 | 882000 | 100 |
| വി.ഇ.ഒ | 16 | 15 | 22014654 | 8061720 | 36.6 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 5760141 | 4038814 | 70 |
| സെക്രട്ടറി | 27 | 24 | 9028991 | 5658759 | 62.7 |
| അസി.സെക്രട്ടറി | 12 | 8 | 2907304 | 1399100 | 48 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 120 | 96 | 28743312 | 20638043 | 71.8 |
| എച്ച്.എം | 0 | 0 | 0 | 0 | 0 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 446366 | 446366 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 768000 | 0 | 0 |
| ആകെ | 205 | 169 | 75195790 | 44457797 | 59% |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ സംബന്ധിച്ച പരാമർശങ്ങൾ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലെ നേട്ടങ്ങളും, കോട്ടങ്ങളും വിശകലനം ചെയ്തത് ഉൾപ്പെടെ പ്രത്യേക ഖണ്ഡികകളായി ഭാഗം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10258 | 1487267 | 1497525 | 1481052 | 16473 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 31647887 | 31647887 | 31647887 | |
| ആകെ | 10258 | 33135154 | 33145412 | 33128939 | 16473 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2017900 | 139 |
| വിധവാപെൻഷൻ | 13890200 | 959 |
| വാർദ്ധക്യകാലപെൻഷൻ | 31077800 | 2157 |
| വികലാംഗപെൻഷൻ | 3232700 | 225 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 335000 | 28 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 330000 | 11 |
| മിശ്ര വിവാഹിതരുടെ വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10506/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

2019-20,20-21വർഷങ്ങളിലെ ഓഡിറ്റുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അവ കാലികമാക്കി സൂക്ഷിക്കുന്നതിലും ആയത് സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ടിംഗ് എന്നിവയിലും കൃത്യവും സമയബന്ധിതവുമായ മേൽ നോട്ടത്തിന്റെ അഭാവം ബോധ്യപ്പെട്ടു.

മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺരജിസ്റ്റർ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്-ചെലവ് രജിസ്റ്റർ, രജിസ്റ്ററുകൾ എന്നിവയിൽ 20-21 ൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പൂർണ്ണമാക്കിയിട്ടില്ല. ഓരോ ഇനങ്ങളുടേയും കൃത്യമായ കണക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അടിസ്ഥാന രേഖകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കാതെയാണ് വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. ഈ പ്രവണത അംഗീകരിക്കാവുന്നതല്ല. തനത് വരുമാന ഇനങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളും നിർവ്വഹണ ഉദ്യോഗസ്ഥരും അക്കൗണ്ടന്റും വരവ്-ചെലവ് കണക്കുകൾ അതാത് അക്കൗണ്ടുകളിൽ കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടില്ല. വാർഷിക കണക്ക് അംഗീകരിക്കുന്നതിനു മുമ്പായി എല്ലാ വരവ്-ചെലവുകളും വാർഷിക കണക്കിൽ കൃത്യമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് മേലധികാരികൾ ഉറപ്പാക്കാതിരുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയാണ്.

ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. എന്നാൽ ആയതനുസരിച്ച് ജോലി പുരോഗതി ഉണ്ടാകുന്നുണ്ടോ എന്നത് കൃത്യമായ ഇടവേളകളിൽ പരിശോധിക്കപ്പെടുന്നില്ല. കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകങ്ങൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

ലൈഫ് പദ്ധതിക്കുവേണ്ടിയുള്ള ലോൺ വരവും തിരിച്ചടവും മുൻ വർഷങ്ങളിലേതുൾപ്പെടെ ഉണ്ടെങ്കിലും 2020-21 ൽ ലോൺ രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലും ഇല്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. പദ്ധതിഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2020-21 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകൾ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻശ്രദ്ധിക്കേണ്ടതാണ്.
അക്കൗണ്ടിംഗിലെ അപാകങ്ങൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാതെ പദ്ധതി പണം നഷ്ടമാവുന്നത് ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ഉണ്ടാകണം.

ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്. തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ രൂപീകരിക്കുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്ന എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ മാസവും 10-ാം തിയ്യതിക്കുമുമ്പ് മുൻമാസത്തെ വരവ് ചെലവുകൾ അംഗീകരിക്കുമ്പോൾ യഥാർത്ഥ തനത് ഫണ്ട് നീക്കിയിരിപ്പ് വിലയിരുത്തി ചെലവ് നിയന്ത്രിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തനത് വരുമാനത്തിലെ ശോഷണം തടയുന്ന വിധത്തിൽ വരവ് ചെലവുകൾ കൈകാര്യം ചെയ്യപ്പെട്ടിട്ടില്ല. പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് എന്നീ ഘട്ടങ്ങളിലെല്ലാം ക്രിയാത്മകമായ ആഭ്യന്തര നിയന്ത്രണം ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-9-2021 | 1-7-2021--31-7-2021 | 22-9-2021 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-02-2014മുതൽ 17-02-2014 വരെ | 2008-09 മുതൽ 2012-13 വരെ | 21-3-2014 |

1-11 വസ്തു നികുതി

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ അപാകതകൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

1-11-1 ഉപയോഗക്രമത്തിലുള്ള വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമം കൂടി കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട് . മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്നവയ്ക്ക് ഗ്രാമപഞ്ചായത്തിനു ബാധകമായ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാൻറീൻ, വർക്ക്ഷോപ്പ് , മൈക്രോ സ്മാൾ ആൻറ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോംസ്റ്റേ എന്നിവക്ക് വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 08/20.12.2021 ന് മറുപടിയായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അറിയിക്കാമെന്ന് ബോധിപ്പിച്ചിട്ടുണ്ട്.

നിർദ്ദേശം

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് ബാധകമായ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് ആയതിനനുസൃതമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

1-11-2 തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ പ്രതിവർഷം 5560 രൂപയുടെ നഷ്ടം

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ച ഫയലുകൾ ഇതുവരെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 50 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി

നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

1.

| | |
|---|---|
| കെട്ടിട നം. | 13/715 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | യൂസഫ്, കല്ല്യത്തൊടി, വാഴമ്പുറം,വാഴമ്പുറം,678595,, |
| വിസ്തീർണ്ണം | 155 ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 155x40 = 6200<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>നിലവിലുള്ള നികുതി (2013)- 7440<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 7440<br>LC- 372<br>Total- 7812 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 155x50 = 7750<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>നിലവിലുള്ള നികുതി (2013)- 9300<br>വർദ്ധനവിന്റെ പരിമിതി- 100%-<br>BT- 9300<br>LC- 465<br>Total- 9765 |
| പ്രതിവർഷ നഷ്ടം | 9765-7812=1953 രൂപ |

2.

| | |
|---|---|
| കെട്ടിട നം. | 7/555 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | ജോസ് പി.കെ, അധികാരത്ത് വീട്,തച്ചമ്പാറ |
| വിസ്തീർണ്ണം | 184ച. മീ, ഷോപ്പുകൾ |
| നിലവിലെ നികുതി നിർണ്ണയം | 184x40 = 7360<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>നിലവിലുള്ള നികുതി (2013)- 8832<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 8832<br>LC- 442<br>Total- 9274 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 184x50 = 9200<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>നിലവിലുള്ള നികുതി (2013)- 11040 |

| | |
|---|---|
| | വർദ്ധനവിന്റെ പരിമിതി- 100%- <br> BT- 11040 <br> LC- 552 <br> Total- 11592 |
| പ്രതിവർഷ നഷ്ടം | 11592-9274=2318 രൂപ |

3.

| | |
|---|---|
| കെട്ടിട നം. | 13/918 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | ഹംസ,പാറക്കതൊടി, തച്ചമ്പാറ |
| വിസ്തീർണ്ണം | 107.87ച. മീ, |
| നിലവിലെ നികുതി നിർണ്ണയം | 107.87x40 = 4314.8 <br> വർദ്ധനവ് (വഴിസൗകര്യം)- 20% <br> ഇളവ്- ഇല്ല. <br> നിലവിലുള്ള നികുതി (2013)- 5178 <br> വർദ്ധനവിന്റെ പരിമിതി- 100% <br> BT-4920 (വ്യവസായികാവശ്യത്തിനുള്ള പരിമിധി 5%) <br> LC- 246 <br> Total- 5166 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 107.87x50 = 5394 <br> വർദ്ധനവ് (വഴിസൗകര്യം)- 20% <br> ഇളവ്- ഇല്ല <br> നിലവിലുള്ള നികുതി (2013)- 6472 <br> വർദ്ധനവിന്റെ പരിമിതി- 100%- <br> BT- 6148( വ്യവസായികാവശ്യത്തിനുള്ള പരിമിധി 5%) <br> LC- 307 <br> Total- 6455 |
| പ്രതിവർഷ നഷ്ടം | 6455-5166 =1289 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/21-12-2021) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഫോറം 6 പ്രകാരം കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗ ക്രമം ഉൾപ്പെടുത്തി (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ, നികുതി 50 രൂപ) അപാകതകൾ പരിഹരിക്കാമെന്നറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മേൽ നിർദ്ദിഷ്ട കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-11-3 എയർ കണ്ടീഷനിംഗിൽ ചുമത്തേണ്ട 10% വർദ്ധനവ് രേഖപ്പെടുത്താത്തതിനാൽ 1760 രൂപ വസ്തുനികുതിയിൽ നഷ്ടം

തച്ചമ്പാറ ഗ്രാമ പഞ്ചായത്തിലെ വാർഡ്-10-ൽ ശ്രീ.മോഹൻദാസ്, സുദർശനൻ, അർച്ചന, സുന്ദരൻ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഡിഗ വിസ്റ്റ റിസോർട്ട് എന്ന സ്ഥാപനത്തിന്റേതായി - 10/312, 10/313, 10/314 എന്നീ മൂന്ന് കെട്ടിടങ്ങൾ റിസോർട്ട് എന്ന ഗണത്തിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ വസ്തു നികുതി

അസസ്സ്മെന്റ് നടത്തിട്ടുണ്ട്. 28-12-2021 തിയതിയിൽ ഉച്ചക്ക് ഓഡിറ്റ് ഉദ്യോഗസ്ഥരും പഞ്ചായത്ത് ഉദ്യോഗസ്ഥരും നടത്തിയ പ്രാദേശിക സ്ഥല പരിശോധനയിൽ ടി സ്ഥാപനത്തിലെ കെട്ടിടങ്ങളിൽ എയർ കണ്ടീഷനിംഗ് ഉള്ളതായി വ്യക്തമായി. എന്നാൽ നിലവിലെ വസ്തു നികുതി നിർണ്ണയത്തിൽ മേലുള്ള വർദ്ധനവിൽ എയർ കണ്ടീഷനിംഗിൽ ചുമത്തേണ്ട തായ 10% വർദ്ധനവു രേഖപ്പെടുത്തിയിട്ടില്ല. മേൽ പ്രസ്തുത കെട്ടിടങ്ങളിലെ വസ്തു നികുതി താഴെ പറയും പ്രകാരം പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| | |
|---|---|
| കെട്ടിട നം. | 10/312 |
| കെട്ടിട ഉടമകളുടെ പേര് | ശ്രീ.മോഹൻ ദാസ്, സുദർശനൻ, അർച്ചന, സുന്ദരൻ |
| വിസ്തീർണ്ണം | 66.45ച. മീ, |
| നിലവിലെ നികുതി നിർണ്ണയം | 66.45x90 = 5980.5<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- (മേൽക്കര)1- 10%<br>നിലവിലുള്ള നികുതി (2013)- 6579<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 6579<br>LC- 329<br>Total- 6908 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 66.45x90 = 5980.5<br>വർദ്ധനവ് (വഴിസൗകര്യം 20%, എയർ കണ്ടീഷനിംഗ് - 10%)- 30%<br>ഇളവ്- (മേൽക്കര)1- 10%<br>നിലവിലുള്ള നികുതി (2013)- 7177<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 7177<br>LC- 359<br>Total- 7536 |
| പ്രതിവർഷ നഷ്ടം | 7536-6908= 628രൂപ |

2.

| | |
|---|---|
| കെട്ടിട നം. | 10/313 |
| കെട്ടിട ഉടമകളുടെ പേര് | ശ്രീ.മോഹൻ ദാസ്, സുദർശനൻ, അർച്ചന, സുന്ദരൻ |
| വിസ്തീർണ്ണം | 45.07ച. മീ, |

| | |
|---|---|
| നിലവിലെ നികുതി നിർണ്ണയം | 45.07x90 = 4056.3<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- (മേൽക്കൂര)1- 10%<br>നിലവിലുള്ള നികുതി (2013)- 4462<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 4462<br>LC- 224<br>Total- 4686 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 45.07 X90 = 4056.3<br>വർദ്ധനവ് (വഴിസൗകര്യം 20%, എയർ കണ്ടീഷനിംഗ് - 10%)- 30%<br>ഇളവ്- (മേൽക്കൂര)1- 10%<br>നിലവിലുള്ള നികുതി (2013)- 4868<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 4868<br>LC- 243<br>Total- 5111 |
| പ്രതിവർഷ നഷ്ടം | 5111- 4686= 425രൂപ |

3.

| | |
|---|---|
| കെട്ടിട നം. | 10/314 |
| കെട്ടിട ഉടമകളുടെ പേര് | ശ്രീ.മോഹൻ ദാസ്, സുദർശനൻ, അർച്ചന, സുന്ദരൻ |
| വിസ്തീർണ്ണം | 74.98ച. മീ, |
| നിലവിലെ നികുതി നിർണ്ണയം | 74.98x90 = 6748.2<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- (മേൽക്കൂര)1- 10%<br>നിലവിലുള്ള നികുതി (2013)- 7424<br>വർദ്ധനവിന്റെ പരിമിതി- 100% |

| | |
|---|---|
| | BT- 7424<br>LC- 372<br>Total- 7796 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 74.98 X90 = 6748.2<br>വർദ്ധനവ് (വഴിസൗകര്യം 20%, എയർ കണ്ടീഷനിംഗ് - 10%)- 30%<br>ഇളവ്- (മേൽക്കര)1- 10%<br>നിലവിലുള്ള നികുതി (2013)- 8098<br>വർദ്ധനവിന്റെ പരിമിതി- 100%<br>BT- 8098<br>LC- 405<br>Total- 8503 |
| പ്രതിവർഷ നഷ്ടം | 8503-7796 = 707രൂപ |

ഓഡിറ്റ് നിർദ്ദേശം

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി

2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികയിൽ ചേർക്കുന്നു.

1-12-1 തൊഴിൽ നികുതി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

തൊഴിൽ നികുതി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. പഞ്ചായത്ത് പരിധിയിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും, ജീവനക്കാരുടെയും പേര്, മറ്റ് വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ആയതിന്റെ സംക്ഷിപ്തം വർഷാവസാനത്തിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-12-2 വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണം നം. 09/20.12.2021 ന് മറുപടിയായി വാർഡ് തിരിച്ചുള്ള ലിസ്റ്റ് ഉടൻ രൂപീകരിച്ച് അറിയിക്കുന്നതാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-12-3 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസ് , അഗളിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. രേഖകൾ പരിശോധനക്കു ഹാജരാക്കേണ്ടതാണ്

2.തച്ചമ്പാറ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട നടത്തിപ്പുകാരിൽ നിന്നും

തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണം നം. 09/20.12.2021 ന് മറുപടിയായി പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഈടാക്കുവാൻ വിട്ടുപോയ സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്.
- പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
- ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ, റേഷൻ കടകൾ എന്നിവയുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കുറവായി ഈടാക്കിയ തുക വ്യക്തികളിൽ നിന്നോ ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-12-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1 ബി.എസ്.എൻ.എൽ

2. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, തച്ചമ്പാറ

3.സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ തച്ചമ്പാറ

4.കേരള ഗ്രാമീൺ ബാങ്ക്, തച്ചമ്പാറ

5. പി.എൻ.വൈ സഭ ഫിനാൻസ്, തച്ചമ്പാറ

മേൽ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണം നം. 09/20.12.2021 ന് മറുപടിയായി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമ പ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

## 1-13-1 ലൈസൻസ് ഫീസ് - ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിരുന്നു. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റി 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്

നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ അന്വേഷണത്തിന് (നം. 11/24.12.21) ലഭ്യമാക്കിയ മറുപടിയിൽ ചട്ട പ്രകാരമുള്ള ഓരോ മേഖലയേയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഉപ മേഖലകളായി വിഭജിച്ച് സ്ഥാപനങ്ങൾക്ക് ഉചിതമായ ഫീസ് നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-13-2 ലൈസൻസ് പരിധിയിൽ വരാത്ത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം 261 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യാടിസ്ഥാനത്തിലുള്ള 851 കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. ആയതിനാൽ ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല . ഇതു സംബന്ധിച്ച നൽകിയ അന്വേഷണത്തിന് (നം. 11/24.12.21) ലഭ്യമാക്കിയ മറുപടിയിൽ വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങൾ സംബന്ധിച്ച കൂടുതൽ അന്വേഷണം നടത്തി ലൈസൻസ് പരിധിയിൽ വരാത്ത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-13-3 റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക1 ൽ ക്രമ നം. 149 ആയി ഭക്ഷ്യ – പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും, ക്രമ നം. 139 ആയി അബ്കാരി ഷാപ്പുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയുടെ വിവരം, അവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണത്തിന് (നം. 11/24.12.21) ലഭ്യമാക്കിയ മറുപടിയിൽ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും അബ്കാരി ഷാപ്പുകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നു ബോധിപ്പിച്ചിട്ടുണ്ട്.

### 1-14 കേന്ദ്ര വിഹിതത്തിൽ നിന്നും അധിക ചെലവ്- തുക തിരികെ ഈടാക്കണം

2020-21 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പോഷകാഹാര പദ്ധതിയിൽ അധിക ചെലവ് വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്റ്റ് നം 134/2021- അങ്കണവാടി പോഷകാഹാരം(ജനറൽ)

അടങ്കൽ- 1700000(വികസന ഫണ്ട്- 100000+കേന്ദ്ര വിഹിതം- 700000)

ചെലവ്- 1465588(വികസന ഫണ്ട്- 999110+കേന്ദ്ര വിഹിതം- 466478)

ചെലവ് പത്രിക അനുസരിച്ച് 1465588 രൂപ ചെലവുള്ള ഈ പദ്ധതിയിൽ കേന്ദ്ര വിഹിതത്തിന്റെ ചെലവ് രേഖകൾ പ്രകാരമുള്ളതിനെക്കാൾ അധികമാണ്. കേന്ദ്ര വിഹിതത്തിൽ നിന്നും 466478 രൂപ ചെക്ക് നം JN 1666930/22.3.2021 പ്രകാരം അമൃതം ഫുഡ്സ്, തച്ചമ്പാറ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

289649 രൂപയുടെ ചെലവ് രേഖകളാണ് പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളത്.ചെലവ് രേഖകളും, നല്കിയ തുകയും തമ്മിൽ 176829 രൂപയുടെ വ്യത്യാസം ഉണ്ട്. സബല പദ്ധതിയ്ക്കായി ഇറക്കിയ ഭക്ഷ്യവസ്തുക്കളുടെയും അവയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവയുടെ ബില്ലുകളുടെ പേയ്മെന്റിലാണ് അധികമായി നല്കിയിട്ടുണ്ട്. (1.219/23.11.20- 40787 രൂപ, 2. 221/23.11.20- 30710 രൂപ, 3. 234/23.12.20- 40341 രൂപ , 4.235/23.12.20- 30374 രൂപ, 5. 196/28.9.20-40022 രൂപ ). അധിക ചെലവിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക്(23/27.12.21) മറുപടിയായി ബിൽ തുകകൾ ആവർത്തിച്ച് കണക്കാക്കിയതിനാൽ പിഴവ് പറ്റിയതാണെന്നും അധികം നല്കിയ തുക അമൃതം ഫുഡ്സിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചു. വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

ഓരോ ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥർ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-15 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് - സുഭിക്ഷകേരളം പദ്ധതി പ്രകാരമുള്ള പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല

സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/ തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

തൻവർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റ് പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

237/21-സുഭിക്ഷകേരളം-ബയോഫ്ലോക്ക് മത്സ്യകൃഷി

അടങ്കൽ -36800(സംസ്ഥാനാവിഷ്കൃതം) + 73600 (തനതു ഫണ്ട്) + 165600 (മറ്റിനം) = 276000 രൂപ

239/21-സുഭിക്ഷകേരളം-ബയോഫ്ലോക്ക് മത്സ്യകൃഷി

അടങ്കൽ -65600(സംസ്ഥാനാവിഷ്കൃതം) + 131200 (തനതു ഫണ്ട്) + 295200 (മറ്റിനം) = 492000 രൂപ

പദ്ധതി നടപ്പാക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞ് എൻക്വയറി(6/19.12.2021) നല്കിയതിന് മറുപടിയായി ഡി ഡി ഓ കോഡ് ലഭ്യമാവാത്തതിനാലാണ് പദ്ധതി തൻവർഷം നടപ്പാക്കാൻ കഴിയാതിരുന്നത് എന്നും 21-22ൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് എന്നും അറിയിച്ചു

ഓഡിറ്റ് നിർദേശം

കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കുവാനും വകയിരുത്തുന്ന തുക ലാപ്സാതെ വിനിയോഗിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ

2020-21 വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന്

സബ്സിഡി പദ്ധതിയുടെ നടത്തിപ്പിൽ താഴെ ചേർത്ത പ്രകാരം അധിക ചെലവ് വന്നിട്ടുണ്ട്. അധിക ചെലവിന്റെ വിശദവിവരങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-16-1 പാലിന് സബ് സിഡി- അധികം തുക അനുവദിച്ചു

2019-20 ൽ ആരംഭിച്ച് 2020-21 സ്പിൽ ഓവർ ആയി നടപ്പാക്കിയ 134/2020(168/21) പദ്ധതിയിൽ അനുവദനീയമായ നിരക്കിലും അധികം തുക അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരം

പ്രോജക്റ്റ്- 134/2020- പാലിന് സബ്സിഡി(സംയുക്തം)(168/21)

നിർവഹണ ഉദ്യോഗസ്ഥൻ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ-350000(വികസന ഫണ്ട്-250000+ബ്ലോക്ക് വിഹിതം-100000)

ചെലവ്- 153634(വികസന ഫണ്ട്-117520-

1.ബിൽ നം.2/27.11.19-104876 രൂപ

2. ബിൽ നം.4/19.2.20-12644 രൂപ

3. ബിൽ നം. 6/20.3.20-36114 രൂപ (ബ്ലോക്ക് വിഹിതം)

1.2019-20 ൽ ഒരു ലിറ്റർ പാലിന് നാല് രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖയനുസരിച്ച് ക്ഷീര വികസന വകുപ്പിൽ നിന്നുള്ള ഒരു രൂപ ഉൾപ്പടെയാണ് പരമാവധി നാല് രൂപ അനുവദിക്കാവുന്നത്. തൻവർഷത്തെ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് , ബ്ളോക്ക് വിഹിതം, തനത് ഫണ്ട് എന്നിവയിൽ നിന്നുമാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ കാലയളവിൽ ക്ഷീര വികസന വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ലഭ്യമായ തുക, ഏത് കാലയളവിലേക്ക് എന്നത് വ്യക്തമാക്കേണ്ടതാണ് എന്നറിയിച്ച് എൻക്വയറി(7/20.12.21) നല്കിയതിന് മറുപടി ലഭിച്ചില്ല.

2. ബിൽ നം.4/19.2.20 പ്രകാരം 12644 രൂപ 9 ഗുണഭോക്താക്കൾക്ക് അനുവദിച്ചിരുന്നു . തച്ചമ്പാറ ആപ്കോസിൽ 2019 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ നല്കിയ 3161പാലിന് ലിറ്ററിന് നാലു രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. ഇതേ ഗുണഭോക്താക്കൾക്ക് ഇതേ കാലയളിലേക്ക് ബിൽ നം. 6/20.3.20-36114 രൂപ ബ്ലോക്ക് വിഹിതത്തിൽ നിന്നും ലിറ്ററിന് മൂന്നു രൂപ നിരക്കിൽ വീണ്ടും ആനുകൂല്യം നല്കിയിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഒരു ലിററിന് ഏഴ് രൂപ വീതം ലഭിച്ചിട്ടുണ്ട്.

അധികം തുക നല്കിയതിന്റെ വിവരങ്ങൾ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | 4/19.2.20 - 12644 രൂപയിൽ നിന്നും അനുവദിച്ച തുക | ബിൽ നം. 6/20.3.20-36114 രൂപയിൽ നിന്നും അനുവദിച്ച തുക | അധികം നല്കിയത് |
|---|---|---|---|---|
| 1 | കെ.കെ.സുന്ദരൻ | 776 | 576 | 576 |
| 2 | ഷാജി തോമസ് | 2196 | 1626 | 1626 |
| 3 | ബാലകൃഷ്ണൻ | 988 | 732 | 732 |
| 4 | മുരളീധരൻ. | 1000 | 741 | 741 |
| 5 | സേതുമാധവൻ | 2332 | 1727 | 1727 |
| 6 | പി. പി.ബേബി | 1216 | 901 | 901 |
| 7 | ഷെരീഫ കവുകുന്നുമേൽ | 1544 | 1144 | 1144 |
| 8 | ലക്ഷ്മിക്കുട്ടി അമ്മ | 572 | 424 | 424 |

| | | | | |
|---|---|---|---|---|
| 9 | സത്യഭാമ | 2444 | 1810 | 1810 |
| | ആകെ | 12644 | 9681 | 9681 |

ഗുണഭോക്താക്കൾക്ക് 9681 രൂപ അധികം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനും, അധികം നല്കിയ തുക തിരികെ ഈടാക്കി അറിയിക്കുവാനും എൻക്വയറി 7/20.12.21 നല്കിയതിന് മറുപടി ലഭിച്ചില്ല. വിശദാംശങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-16-2 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -വ്യക്തിഗത ആനുകൂല്യത്തിന്റെ പരിധിയിലധികം തുക നല്കി

2020-21 വർഷത്തിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിച്ചതിൽ ഒരു ഗുണഭോക്താവിന് നല്കാവുന്ന പരമാവധി തുകയിലും അധികം തുക നല്കിയിട്ടുണ്ട്.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി 2019-20 ൽ ആരംഭിച്ച് 2020-21 സ്പിൽ ഓവർ ആയി നടപ്പാക്കിയ പദ്ധതിയിലാണ് ഇത്തരത്തിൽ അപാകം വന്നിട്ടുള്ളത്. പദ്ധതിയുടെ വിശദവിവരം

പ്രോജക്ട്- 168/21 (134/2020)- പാലിന് സബ്സിഡി(സംയുക്തം)

അടങ്കൽ-350000(വികസന ഫണ്ട്-250000+ബ്ലോക്ക് വിഹിതം-100000)

ചെലവ്-

1)19-2020- 153634(വികസന ഫണ്ട്-117520+36114 രൂപ (ബ്ലോക്ക് വിഹിതം)

2)2020-21- 196366

(വികസന ഫണ്ട്-132480 ബിൽ നം 3/19.2.2020-encashed On 27.5.2020

+63886 രൂപ-ബ്ലോക്ക് വിഹിതം- ബിൽ നം 5/20.3.2020-encashed On 10.6.2020 )

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) 22/2018, 14.2.18 അനുസരിച്ച് ക്ഷീരകർകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ഒരു വർഷം നല്കാവുന്ന പരമാവധി തുക 40000 രൂപയാണ്. 20-21 ൽ അനുവദിച്ച തുകയിൽ ശ്രീ. ഈപ്പൻ ജോർജ്ജ് എന്ന ഗുണഭോക്താവിന് രണ്ട് ബില്ലുകളിലുമായി യഥാക്രമം 37474 രൂപയും,12359 രൂപയും ചേർത്ത് 49833 രൂപ അനുവദിച്ചിട്ടുണ്ട്. മാർഗരേഖയിലെ പരിധി കഴിഞ്ഞ് 9833 രൂപ അനുവദിച്ചത് ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ഇക്കാര്യത്തെക്കുറിച്ച് എൻക്വയറി 7/20.12.21 നല്കിയതിന് മറുപടി ലഭിച്ചില്ല. അധികം നല്കിയ തുക ഈടാക്കാത്തപക്ഷം ആയത് നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതായിരിക്കുന്നതാണ്.

ഓഡിറ്റ് നിർദേശം

സബ്സിഡി മാർഗരേഖയിലെ നിർദേശാനുസരണം മാത്രം ഗുണഭോക്താക്കൾക്ക് തുകകൾ അനുവദിക്കേണ്ടതാണ്.

വിശദാംശങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-17 എ.ബി.സി പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം.- 5/21

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

അടങ്കൽ -100000(വികസന ഫണ്ട് -ജനറൽ)

ചെലവ് -100000 (ബിൽ നം. 1 /19.11.2021)

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധയും ജന്തുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിനുമാണ് എ.ബി.സി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഡെപ്യൂട്ടിഡയറക്ടർ(മൃഗസംരക്ഷണം) ആണ് പദ്ധതിയുടെ ജില്ലാതല നിർവ്വഹണോദ്യോഗസ്ഥൻ. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാപഞ്ചായത്ത് ചെലവ് കണക്കാക്കിയിരിക്കുന്നത്. ആയതു പ്രകാരം 66 നായ്ക്കളെയെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈ വർഷം വന്ധ്യംകരിക്കേണ്ടതാണ്. എന്നാൽ

പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരമോ പദ്ധതിയുടെ പുരോഗതി റിപ്പോർട്ടോ ലഭ്യമല്ല. ഇതേക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക്(4/19.12.21) ജില്ലാപഞ്ചായത്തിൽ നിന്നും പദ്ധതി നടത്തിപ്പിന്റെ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതാണ് എന്ന് വെറ്ററിനറി സർജൻ മറുപടിയിൽ അറിയിച്ചു. ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-18 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

പ്രോജക്റ്റ് നമ്പർ-4/21-കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ-550000(275000 വികസന ഫണ്ട്-ജനറൽ+275000 ഗുണ.വിഹിതം)
ചെലവ്-ബിൽ നമ്പർ 3/11.2.21, 275000രൂപ
കന്നുകുട്ടികളുടെ പരിപാലനത്തിനായി വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 4/21 എന്ന പ്രൊജക്റ്റ് ആവിഷ്കരിച്ച് 2,75,000 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന ടി തുക കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നം.714021400000008). പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കേണ്ടതും പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഇതേക്കുറിച്ച് എൻക്വയറി 5/19.12.21 നല്കിയതിന് മറുപടി ലഭിച്ചില്ല.

1-19 പശു വളർത്തൽ പദ്ധതി- സബ്സിഡി തുക കണക്കിലെടുക്കാതെ പലിശ ഈടാക്കി

പ്രോജക്റ്റ്-1/21- കറവപ്പശു വളർത്തൽ(വനിത)

അടങ്കൽ- 700000(വികസന ഫണ്ട്- 350000+350000-ലോൺ)

ചെലവ് – ബിൽ നം-7/30.3.21- 350000, വികസന ഫണ്ട്

2020-21 ൽ വെറ്ററിനറി സർജൻ നടപ്പാക്കിയ കറവ പശു വളർത്തൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് പശു വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പശു വാങ്ങുന്നതിന് ചെലവഴിക്കുന്ന തുകയുടെ 50% ലോണും, 50% സബ്സിഡിയും ചേർത്ത് പശു വിറ്റ ആളുടെ അക്കൌണ്ടിലേക്ക് നല്കുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതിയ്ക്കായി 13 ഗുണഭോക്താക്കൾ ലോൺ തച്ചമ്പാറ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ ലോൺ രേഖകൾ പരിശോധിച്ചതിൽ നിന്നും 50000 രൂപ ലോൺ അനുവദിച്ച് 50 % സബ്സിഡി തുകയായ 25000 രൂപ അനുവദിക്കുന്നതു വരെയും 50000 രൂപയ്ക്കുള്ള പലിശ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമായി. 25000 രൂപയാണ് യഥാർത്ഥത്തിൽ ലോൺ തുക. ടി തുകയ്ക്ക് മാത്രമാണ് പലിശ ഈടാക്കേണ്ടിയിരുന്നത്. പദ്ധതി ആസൂത്രണ സമയത്ത് തന്നെ ലോൺബന്ധിതമായി നടപ്പാക്കുന്ന പദ്ധതികളുടെ കാര്യത്തിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭിക്കുന്നത് പരിഗണിച്ച് യഥാർത്ഥ ലോൺ തുകയ്ക്ക് മാത്രം പലിശ ഈടാക്കുകയുള്ളൂ എന്ന് ബാങ്ക് അധികൃതരുമായി ധാരണയിലെത്തേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ലോൺ തിരിച്ചടവിൽ സഹായകമായ രീതിയിൽ 2020-21ൽ ഇത്തരത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിതായി രേഖകളില്ല.(എൻക്വയറി നം-24/27.12.21). തുടർവർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ഉണ്ടാവാതിരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

1-20 ഹരിതകർമസേനയുടെ പ്രവർത്തനം-അവലോകനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.
എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ

വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ബൈലോ തയ്യാറാക്കിയിട്ടില്ല. വീടുകളിൽ നിന്ന് 30 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 50 രൂപയും പ്രതിമാസ യൂസർ ഫീ ആയി നിലവിൽ ഈടാക്കി വരുന്നുണ്ട്.

ബി. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 25.10.2019 മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. 15 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ 34അംഗങ്ങളാണുള്ളത്. 2/3പേരുള്ള ഗ്രൂപ്പുകളായാണ് ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്.

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റു ചുമതലകളും ഹരിത കർമ്മസേന നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിച്ച് നിശ്ചിത ഇടവേളകളിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറിവരുന്നുണ്ട്. സേനാംഗങ്ങൾക്കുള്ള യൂണിഫോം, കൂടാതെ ഗ്ലൗസ്, ഗംബൂട്സ്, സാനിറ്റൈസർ, തുടങ്ങിയ സുരക്ഷാസാമഗ്രികളും ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്.

സി. യൂസർഫീ ഈടാക്കൽ

യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. 3 തവണയിൽ കൂടുതൽ യൂസർഫീ നൽകാത്തവരുടെ ലിസ്റ്റ് തയ്യാറാക്കിയത് പഞ്ചായത്തധികൃതർക്ക് നല്കുന്നതാണെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചു.

ഡി. ഹരിത കർമ്മസേനകൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്)

വി ഇ ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് 2020-21 ൽ രണ്ട് പ്രോജക്റ്റ് പ്രകാരം നം. 186/21(സ്പിൽ ഓവർ)- 59125 രൂപ വികസന ഫണ്ടിൽ നിന്നും, 245/21-197400 രൂപ ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട് .

ഇ. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ രണ്ട് വാർഡുകളിൽ മാത്രമാണ് എം.സി.എഫുകൾ ഉള്ളത്. എം.സി.എഫുകളിൽ മതിയായ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി മാലിന്യ സംസ്കരണ പ്രവൃത്തികളുടെ പശ്ചാത്തലസൗകര്യം ഒരുക്കുന്നതിനായി പ്രോജക്ടുകൾ രൂപീകരിച്ച് 10 വാർഡുകളിൽ എം.സി.എഫ് തയ്യാറാക്കി വരുന്നതായി വി.ഇ.ഓ അറിയിച്ചു

ജി. റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് നിലവിലില്ല.

എച്ച്. ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഹരിതസഹായം സ്ഥാപനം തെരഞ്ഞെടുത്തിട്ടില്ല എന്നാണ് വ്യക്തമാവുന്നത് മാലിന്യ ശേഖരണം, പ്ലാസിറ്റിക്ക് തരം തിരിക്കൽ, തുടർ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ഇത്ര വരെയായി പരിശീലനം ലഭിച്ചിട്ടില്ല എന്ന് ഹരിതസേനാംഗങ്ങളുമായി സംവദിച്ചതിലൂടെ അറിയാൻ കഴിഞ്ഞത്.

ഐ. ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഒരു തവണ മാത്രമാണ് മാലിന്യ നീക്കം നടത്തിയിട്ടുള്ളത്

ജെ. ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

06.2.2020 വരെ ഹരിത കർമ്മസേനാ സംരംഭങ്ങൾക്കോ, കൺസോർഷ്യത്തിനോ അക്കൗണ്ട് ആരംഭിച്ചിരുന്നില്ല. യൂസർഫീ ഗ്രാമപഞ്ചായത്തിൽ നേരിട്ട് കൈയിൽ സൂക്ഷിക്കുന്ന രീതിയിയായിരുന്നു തുടർന്നു വന്നിരുന്നത്. 06.2.2020 ഹരിതകർമ്മസേനയുടെ അക്കൗണ്ട് ആരംഭിച്ചപ്പോൾ മുന്നിരിപ്പായി 500 രൂപ അടവാക്കിയിട്ടുണ്ട്. 29.12.2021 ലെ അക്കൗണ്ട് നീക്കിയിരിപ്പ് 6782.22 രൂപയാണ്.

എച്ച്.വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വി.ഇ.ഒ മാർക്ക് ചുമതല നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

· ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

· പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി.ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

·ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

·അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള യൂസർ ഫീസ് ഉറപ്പാക്കേണ്ടതാണ്.

·യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

·യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.

· ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

·എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

## 1-21 ലൈഫ്ഭവനം-നിർമാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

വി ഇ ഓ നടപ്പാക്കിയ വിവിധ ഭവന നിർമാണ പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. 2020-21 വർഷത്തിൽ ഭവന നിർമാണത്തിനായി പുതിയതും സ്പിൽ ഓവറും ഉൾപ്പടെ അഞ്ച് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ലൈഫ് പദ്ധതിയിലെ എഗ്രിമെന്റ് അനുസരിച്ച് ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റി ആറു മാസത്തിനകം വീട് പണി പൂർത്തിയാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്നും ഭവന നിർമാണ പദ്ധതികളുടെ ഗുണഭോക്താക്കളിൽ ചിലർ ധനസഹായം കൈപ്പറ്റി നിശ്ചിതസമയത്തിനകം ഭവനം പൂർത്തിയാക്കിയിട്ടില്ല എന്നു വ്യക്തമായി(എൻക്വയറി നമ്പർ 27/28.12.21) നിർമാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-21-1 ഒരു ഗഡു ധനസഹായം കൈപ്പറ്റി നിർമാണം പൂർത്തിയാക്കാത്തവർ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1. | റെയ്ച്ചൽ ഷാജി താന്നിയിൽ, ചുണ്ടക്കാട്, പാലക്കയം | 40000 | 27.9.18 ന് ആദ്യ ഗഡു മാത്രം കൈപ്പറ്റി |
| 2 | ഫാത്തിമ മുഹമ്മദ്കുട്ടി വട്ടപ്പറമ്പിൽ | 200000 | 2.11.19 ന് രണ്ടാം ഗഡു അനുവദിച്ചു. |
| 3 | ഷൈനി ജോയ് എടാട്ട്, ചീനിക്കപ്പാറ | 40000 | 18.7.18 ന് ആദ്യ ഗഡു മാത്രം കൈപ്പറ്റി |
| 4 | ജമീലഅബ്ദുൾ വഹാബ്, കോലോത്തുംപടി | 40000 | 8.7.18 ന് ആദ്യ ഗഡു മാത്രം കൈപ്പറ്റി |

### 1-21-2 ഭവനം നിർമാണം പൂർത്തിയാക്കാനുള്ളവർ- ജനറൽ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | നല്കാനുള്ള തുക |
|---|---|---|---|
| 1 | ഷിജി ഹരിദാസ് അമ്പാട്ട് , ഇഞ്ചിക്കുന്ന്, പാലക്കയം | 360000 | 40000 |
| 2 | ബദറുന്നനീസ ഹുസ്സൻ, കോലോത്തുപടി | 40000 | 360000 |
| 3 | ജുമൈല മുഹമ്മദലി ഓട്ടുപാറ | 200000 | 200000 |
| 4 | വഹീദ അഷ്റഫലി ചോലപ്പാടം, മാച്ചാംതോട് | 360000 | 40000 |
| 5 | ആയിഷ മുഹമ്മദാലി ചുണ്ടമ്പറ്റ, മുള്ളത്തുപാറ | 360000 | 40000 |
| 6 | ശോഭന രാമചന്ദ്രൻ തൊഴത്തിങ്കൽ, തച്ചമ്പാറ | 360000 | 40000 |

| | | | |
|---|---|---|---|
| 7 | ലീന ബിനോയ്, വാക്കോടൻ മുതുകുറുശ്ശി | 200000 | 200000 |
| 8 | നബീസ അബു, കരുമാനംകുറുശ്ശി, ചോലയിൽകുന്ന്,മുതുകുറിശ്ശി | 360000 | 40000 |
| 9 | രാധാമണി ചാമി മുണ്ടംപോക്കിൽ, ചേനമ്പാറ | 360000 | 40000 |
| 10 | ചിന്നമ്മു D/oകൃഷ്ണമൂത്താൻ, ഞാറക്കോട്ടിൽ | 200000 | 200000 |
| 11 | റിസി ബെന്നി, പുതിയാലിൽ, ക്കുറ്റമ്പാടം | 360000 | 40000 |
| 12 | വാസന്തി മാണിക്യൻ, പരിയക്കോട് മുതുകുറിശ്ശി | 300000 | 100000 |

1-21-3 ഭവന നിർമാണം പൂർത്തീകരിക്കാത്തവർ-എസ്. സി. വിഭാഗം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനവദിച്ച തുക | നല്കാനുള്ള തുക |
|---|---|---|---|
| 1 | നളിനി, ആനമുണ്ട, തച്ചമ്പാറ | 360000 | 40000 |
| 2 | മാലതി രാജൻ, വേങ്ങശ്ശേരി, വാക്കോടൻ,പാലക്കയം | 360000 | 40000 |
| 3 | സുന്ദരി, തോരണ്ണോട് കമ്പിക്കുന്ന് | 300000 | 100000 |
| 4 | ചന്ദ്രൻ, തച്ചാട്ടുപറമ്പിൽ കമ്പിക്കുന്ന് | 360000 | 40000 |
| 5 | സുജാത , തോരണ്ണോട് കമ്പിക്കുന്ന് | 300000 | 100000 |

ഓരോ ഗുണഭോക്താവിന്റെയും ഭവന നിർമാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമാണം പൂർത്തിയാക്കാനായി നടപടികൾ സ്വീകരിക്കുകയും പൂർത്തീകരണം വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്. ഒരു ഗഡു മാത്രം കൈപ്പറ്റി ഇതു വരെയായും വീട് പണി നടത്താത്തവരിൽ നിന്നും തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-22 PMAYവിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

പ്രോ.നം 265/21 - PMAY വിഹിതം

അടങ്കൽ- 210000(വികസന ഫണ്ട്-49840+തനത് ഫണ്ട്-160160)

ചെലവ് – ഇ-ബിൽ- BRN No-20210352020801305023/20.3.21- 49840 രൂപ

2020-21 വർഷത്തിൽ വി ഇ ഓ നടപ്പാക്കിയ പ്രോ.നം 265/21 - PMAY വിഹിതം എന്ന പദ്ധതിയ്ക്കായി 49840 രൂപ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് 20.3.2021 ന് നല്കിയിട്ടുണ്ട്,നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതിനായി എൻക്വയറി നം 28/28.12.21 നല്കിയതിന് മറുപടി ലഭിച്ചില്ല.

1-23 ഐ സി ഡി എസ് സൂപ്പർവൈസർ ജി.എസ്.ടി. ടി.ഡി.എസ് (ടാക്സ് ഡിഡക്ടർ) എടുക്കേണ്ടതാണ്

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്. പ്രോജക്റ്റ് നടത്തിപ്പിൽ സേവനങ്ങളും സാധനങ്ങളുടെയും വാങ്ങൽ ഉൾപ്പെടുന്നതിനാൽ നിർവഹണ ഉദ്യോഗസ്ഥർ ജി.എസ്.ടി. ടി.ഡി.എസ് (ടാക്സ് ഡിഡക്ടർ) എടുക്കേണ്ടതാണ് എന്ന് സർക്കുലർ നം ഡി.എ. 1/87/2019,ത.സ്വ.ഭ.വ ,8-9-2020 ൽ നിർദേശം ഉണ്ട്.

ഐ സി ഡി എസ് സൂപ്പർവൈസർ മേൽ നിർദേശം നടപ്പാക്കിയിട്ടില്ല . തച്ചമ്പാറ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടി പോഷകാഹാര പദ്ധതികൾക്കായി അമൃതം ഫുഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ടി സ്ഥാപനത്തിന് ജി എസ് ടി രജിസ്ട്രേഷൻ ഉണ്ട്. ഇക്കാലളയവിൽ ടി സ്ഥാപനത്തിന് നല്കുന്ന തുകകളിൽ നിന്നും സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട ടാക്സ് ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക്(13/24.12.21) മറുപടിയായി അമൃതം ഫുഡ്സ് 19-20, 20-21 കാലയളവിൽ ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കി. ഐ സി ഡി എസ് സൂപ്പർവൈസർ ജി.എസ്.ടി ടി.ഡി.എസ് (ടാക്സ് ഡിഡക്ടർ) എടുക്കുന്നതിനായി നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-24 കട്ടിലുകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റ രേഖകളില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

1. പ്രോജക്റ്റ് നം 138/21- വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ-368692 (വികസന ഫണ്ട്)

ചെലവ്- 365400 (ബിൽ നം-12/30.3.21)

കട്ടിൽ വിതരണം പദ്ധതിയ്ക്കായി ARTCOയിൽ നിന്നും ഇൻവോയ്സ് നം 365/5.3.2021 പ്രകാരം 84 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഇവയുടെ വിതരണ വിവരം പരിശോധിച്ചതിൽ നിന്നും 5 കട്ടിലുകൾ കൈപ്പറ്റിയിരിക്കുന്നത് ഗുണഭോക്താക്കളല്ലാത്ത ആളുകളാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വിതരണ രജിസ്റ്ററിലെ ക്രമ നം |
|---|---|---|
| 1 | അന്നമ്മ | 61 |
| 2 | ഏലിയാമ്മ ദേവസ്യ | 72 |
| 3 | തോമസ് നിരവിൽ | 73 |
| 4 | കുട്ടികാളി | 74 |
| 5 | കുഞ്ഞൂട്ടി | 75 |

മേൽ സൂചിപ്പിച്ച കട്ടിലുകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്നത് സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. വിതരണ രജിസ്റ്റർ പ്രകാരമുള്ള ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റെ വിവരങ്ങൾ രേഖകൾസഹിതം അറിയിക്കേണ്ടതാണ്. (എൻക്വയറി 23/27.12.21).

1-25 സെക്രട്ടറിയുടെ പ്രൊജക്റ്റ് നടപ്പിലാക്കാതിരുന്നതിനാൽ ഗ്രാന്റ് ലാപ്സായി.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം നേടിയ താഴെ പറയുന്ന പ്രൊജക്റ്റ് തൻ വർഷം നടപ്പിലാക്കിയില്ല.

| ക്രമ നം | പ്രൊജക്റ്റ് | അടങ്കൽ/ ഫണ്ട് |
|---|---|---|
| 1 | 277/21 വിവിധ വാർഡുകളിൽ | 2000000 |

| | | |
|---|---|---|
| | കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ നീട്ടൽ | CFC Grant. |

അംഗീകാരം നേടിയ പദ്ധതി തൻവർഷം നടപ്പിലാക്കാതിരുന്നതിനാൽ 2000000 രൂപ ലാപ്സായി. പദ്ധതി നടപ്പിലാക്കാതിരുന്ന സാഹചര്യം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/27.12.21) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി രൂപീകരണ- നിർവ്വഹണ ഘട്ടങ്ങളിൽ അപാകങ്ങൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-26 SSA വിഹിതം നൽകൽ പദ്ധതി- മോണിറ്ററിംഗ് നടത്തിയിട്ടില്ല.

തച്ചമ്പാറ ഗ്രാമ പഞ്ചായത്തിൽ നിന്ന് 2019-20, 2020-21 വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയും പ്രകാരം തുകകൾ SSA വിഹിതം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം | അടങ്കൽ/ചെലവ് | ചെലവ് വിവരം |
|---|---|---|
| 09/19-20 | 550000/- പ്ലാൻ ജനറൽ | ട്രഷറി ബിൽ നം 9/16.8.19 പ്രകാരം പിൻവലിച്ച് SSA ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകി. |
| 2020-21 | 600000/- പ്ലാൻ ജനറൽ | ട്രഷറി ബിൽ നം 15/25.9.20പ്രകാരം പിൻവലിച്ച് SSA ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകി. |
| ആകെ | 11,50,000/- | |

സർക്കാർ സ്കൂൾ ഇല്ലാത്ത തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ 6 എയ്ഡഡ് LP/UP സ്കൂളുകളാണ് ഉള്ളത്. ഇതിൽ ഏതെല്ലാം സ്കൂളുകളിലെ എത്ര വീതം വിദ്യാർത്ഥികൾക്ക് എന്തെല്ലാം വിദ്യാഭ്യാസ സൗകര്യങ്ങളാണ് മേൽ സൂചിപ്പിച്ച ഫണ്ടിൽ നിന്ന് ലഭ്യമാക്കിയത് എന്ന വിശദാംശങ്ങൾ സഹിതം ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗിന് സാധ്യമാകുന്ന വിധം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. SSA യിൽ നിന്ന് ലഭ്യമാക്കിയിരിക്കുന്ന വിനിയോഗ സാക്ഷ്യപത്ര പ്രകാരമുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മോണിറ്ററിംഗ് നടത്തിയിട്ടില്ല. പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിന് വേണ്ടി മാത്രമുള്ള പദ്ധതിയായി SSA വിഹിതം നൽകൽ മാറുന്നില്ല എന്നും നൽകിയ തുകക്ക് ആനുപാതികമായ വികസന നേട്ടം ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിദ്യാഭ്യാസ മേഖലയിൽ ലഭ്യമായിട്ടുണ്ട് എന്നും ഉറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 17/26.12.21) മറുപടി ലഭ്യമായിട്ടില്ല.

### 1-27 ലോൺ രജിസ്റ്ററിന്റെ സൂക്ഷിപ്പിലെ അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതിക്കായി KURDFC മുഖേന ലഭ്യമായ വായ്പ തുകയുടെ വരവും വായ്പയുടെ തിരിച്ചടവ് വിവരങ്ങളും ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വായ്പതുകയുടെ വിനിയോഗ വിവരം സുലേഖ പ്രകാരമുള്ള വായ്പാചെലവുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതിയിട്ടില്ല. വായ്പയുടെ തിരിച്ചടവ് വിവരങ്ങൾ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ലോൺ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളല്ല വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ലോൺ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിശദീകരണം ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.2/7.12.21) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

1-28 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

2020-21 വാർഷികക്കണക്കുകളിൽ B7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ ഡെപ്പോസിറ്റുകളിൽ ബാക്കി നിൽക്കുന്ന ബാധ്യതകളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. രജിസ്ററിൽ 2020-21വർഷത്തെ വിവരങ്ങളുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല . രജിസ്ററുമായി പൊരുത്തപ്പെടാത്ത വാർഷിക കണക്കുകളാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. 3 വർഷത്തിനകം തിരികെ കൊടുക്കാത്ത ഡെപ്പോസിറ്റ് തുകകൾ തൻ വർഷം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് ഹെഡ് | വരവിലെടുത്ത വർഷം | തുക |
|---|---|---|
| 340200107<br>ഇലക്ഷൻ ഡെപ്പോസിറ്റ് | 2015-16 | 39000 |
| 340100101<br>Contractors EMD | 2015-16 | 98955 |
| | 2016-17 | 775 |
| 340100102<br>Suppliers EMD | 2018-19 | 105810 |
| 340100103<br>Bidders EMD | 2017-18 | 65000 |
| | 2018-19 | 2000 |
| ആകെ | | 3,11,540/- |

മേൽ സൂചിപ്പിച്ച തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

1-29 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയില്ല.

ആരോഗ്യ ജാഗ്രത-മഴക്കാല പൂർവ്വ ശുചീകരണത്തിനായി വൗച്ചർ നമ്പർ 21900118/ 14.5.2019 പ്രകാരം അനുവദിച്ച 150000/- രൂപയും വൗച്ചർ നമ്പർ 22000201/ 5.6.20 പ്രകാരം അനുവദിച്ച 150000/- രൂപയും ഇതുവരെ Advance Register ൽ ക്രമീകരിച്ചിട്ടില്ല.

വൗച്ചർ നമ്പർ 22001059/20.3.21, 22001067/25.3.21, എന്നിവ പ്രകാരം സാക്ഷരതാ പ്രേരകിന് ഓണറേറിയം അനുവദിച്ച തുകകൾ യഥാക്രമം 16544/- രൂപയും 8648/- രൂപയും അഡ്വാൻസ് രജിസ്റ്ററിൽ ക്രമീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ചേർത്ത് രജിസ്റ്റർ പൂർത്തീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

1-30 മുൻകൂർ നൽകിയ മുഴുവൻ തുകക്ക് മരുന്നുകൾ ലഭ്യമായില്ല.

ഹോമിയോ മരുന്നുകൾ ആശുപത്രിയിൽ ലഭ്യമായിട്ടില്ല- തുടർ നടപടി സ്വീകരിക്കണം

പ്രൊ.നം 144/21 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ/ചെലവ്50000/- MG(NR) നിർവ്വഹണം- സെക്രട്ടറി.

ചെലവ് വിവരം- ട്രഷറി ബിൽ നം-25/11.01.21 (ഹോം കോ)

തച്ചമ്പാറ ഹോമിയോ ആശുപത്രിയിൽ NHM മുഖേന നിയമിതനായ ഡോക്ടർ ആയതിനാൽ സെക്രട്ടറിയാണ് പദ്ധതി നിർവ്വഹിച്ചത്. ആശുപത്രിയിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇതിൽ 5000 രൂപയുടെ മരുന്നുകൾ ഹോമിയോ ആശുപത്രിയിൽ കൈപ്പറ്റിയിട്ടുണ്ട്. 45000/- രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഹോംകോ യിൽ നിന്നുള്ള

ടാക്സ് ഇൻവോയ്സ് സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 18 Dt.26.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-31 ഫർണിച്ചറും ഉപകരണങ്ങളും ഹോമിയോ ആശുപത്രിയിൽ കൈപ്പറ്റിയതിന് രേഖയില്ല- ചെലവ് തുക 55909 /- രൂപ തടസ്സത്തിൽ വെക്കുന്നു.

പ്രൊ.നം 193/21 ഹോമിയോ ആശുപത്രിയിലേക്ക് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ.

നിർവ്വഹണം- സെക്രട്ടറി.

അടങ്കൽ-100000/- ചെലവ്-55909/- MG(NR)

ചെലവ് വിവരം- ട്രഷറി ബിൽ നം-10/6.7.20 (ആർട്ട്കോ)

ഫർണിച്ചറും ഉപകരണങ്ങളും ഹോമിയോ ആശുപത്രിയിൽ കൈപ്പറ്റിയതിന് രേഖയില്ല. സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്ത് ഘടക സ്ഥാപനത്തിന് കൈമാറിയതിന്റെയും അവ പ്രസ്തുത സ്ഥാപനത്തിൽ സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 55909 /- രൂപ തടസ്സത്തിൽ വെക്കുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ 19, Dt.24.12.21)

1-32 പ്രിന്റർ ലഭ്യമായില്ല. 14726/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

പ്രൊ.നം 199/21 (പ്രൊ.നം 122/20 സ്പിൽ ഓവർ ആക്കിയത്) LSGD ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ

അടങ്കൽ-20000 തനത് ഫണ്ട്

നിർവ്വഹണം- സെക്രട്ടറി

LSGD ഓഫീസിലേക്ക് പ്രിന്റർ വാങ്ങുന്നതിനായി 14726 രൂപ 27/5/20 ന് തനത് ഫണ്ടിൽ നിന്ന് കേരള സംസ്ഥാന ഐ.ടി മിഷന്റെ 3959 നമ്പർ ബാങ്ക് ആക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഓർഡർ നൽകിയ സമയത്തെ വിലയിലും സ്പെസിഫിക്കേഷനിലും ഉള്ള പ്രിന്റർ ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പിലായില്ല എന്നാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്. തുടർന്ന് CRPS സൈറ്റിലെ നിരക്കിൽ പ്രിന്റർ വാങ്ങുന്നതിനായി 145/2022 നമ്പർ പ്രൊജക്ട് രൂപീകരിച്ച് അംഗീകാരം നേടി. എന്നാൽ നാളിതുവരെ പ്രിന്റർ ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭിച്ചതായും കാണുന്നില്ല . പ്രിന്റർ വാങ്ങൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/26.12.21) ഹാജരാക്കിയ മറുപടിയിൽ പ്രിന്റർ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചു. പ്രിന്റർ ലഭ്യമാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വിധേയമായി 14726/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-33 ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമക്കാത്തത് സംബന്ധിച്ച്

2020-21 സാമ്പത്തിക വർഷത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രോജക്ടിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബിൽ വിവരങ്ങൾ |
|---|---|---|
| ഇരുമ്പാമ്മുട്ടി നിലം പതി റോഡ് കോൺക്രീറ്റ് | 199102 | 69/20-3-2021, Rs. 199102 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(1/15-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 199102രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

### 1-34 ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹിച്ചിട്ടുള്ള വരവു ചെലവുകൾ സംബന്ധിച്ച് തൻവർഷത്തെ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഐ.കെ.എം. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം 28743312രൂ. അടങ്കൽ കണക്കാക്കിയതിൽ 20638043 രൂ. ചെലവഴിച്ചതായി കാണുന്നു. എന്നാൽ ഈ വരവ് ചെലവു കണക്കുകൾ ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കാത്തതിനാൽ കൃത്യമാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ക്യാഷ് ബുക്ക് സൂക്ഷിക്കുന്നത് സംബന്ധിച്ച് കേരള ഫിനാൻഷ്യൽ കോഡിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾ പാലിക്കാതെ വരവ് ചെലവുകൾ നടത്തുന്നത് ക്രമപ്രകാരമല്ല. ഇപ്രാകാരം ക്യാഷ് ബുക്ക് എഴുതാതിരിക്കുന്നത് സാമ്പത്തിക അച്ചടക്കത്തെ പ്രതികൂലമായി ബാധിക്കുകയും ക്രമക്കേടുകൾക്ക് വഴിയൊരുക്കുകയും ചെയ്യും. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (1/15-12-2021) മറുപടി ലഭ്യമാക്കിയിട്ടുമില്ല.

ആയതിനാൽ ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

### 1-35 കുടിവെള്ളപദ്ധതികൾ കൂട്ടിക്കെട്ടി അടങ്കൽ തുക വർദ്ധിപ്പിച്ച് പ്രവർത്തനം നിർവ്വഹിച്ചിരിക്കുന്നു.

താഴെ സൂചിപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതിയിൽ 4 കുടിവെള്ള പദ്ധതികൾ ഒരുമിച്ച് ഒരു പ്രോജക്റ്റിന്റെ ഭാഗമായി നിർവ്വഹിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നമ്പരും പേരും: SO - 223/21 -ജലസ്രോതസ്സുകളുടെ സംരക്ഷണം

അടങ്കൽ: – 225000, ഫണ്ടിനം: വികസനഫണ്ട് (ജനറൽ )

ചെലവ്: 220378 , ബിൽ നം. 16/20-21 , 27-5-2020, 220378 രൂ.

കരാർ നം.79/AE/LSGD/TPA/19-20, Dt: 25-1-2020 - കരാറുകാരൻ: ബിജു .ജെ. തോമസ്

മേൽസൂചിപ്പിച്ച പ്രോജക്റ്റിൽ താഴെപ്പറയുന്ന നാലു കുടിവെള്ള പദ്ധതികളാണ ഉൾപ്പെട്ടിട്ടുള്ളത്.

| പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|
| പഞ്ചായത്ത് പൊതു കിണർ നവീകരണം | 58358 |
| ഇഞ്ചക്കവല കുടിവെള്ള പദ്ധതി നവീകരണം | 20139 |
| നിരവ് വാക്കോടൻ കുടിവെള്ള പദ്ധതി നവീകരണം | 86882 |
| അധികാരിപ്പടി കുടിവെള്ള പദ്ധതി നവീകരണം | 33359 |
| ജി.എസ്.ടിയും കാണാച്ചെലവുകളും | 26262 |

ഇപ്രകാരം നാലു കുടിവെള്ളപദ്ധതികൾക്കുമായി അടങ്കൽ 198738 രൂപയ്ക്ക് പുറമേ 26262രൂ. ജി.എസ്.ടി. ക്കും മറ്റു കാണാചെലവുകൾക്കും കണക്കാക്കി 225000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

---- സ.ഉ. നം. 22/2018, ത.സ്വ.ഭ. വ. തിയ്യതി 14-2-2018 ഖണ്ഡിക 6.6.3പ്രകാരം കുടിവെള്ള പദ്ധതിയുടെ തുടർപരിപാലനം ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കണമെന്നും അറ്റകുറ്റപ്പണികൾ ഗുണഭോക്തൃസമിതി നിർവ്വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 50000രൂപയിൽ കൂടുതൽ ചെലവ് വരുന്ന പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നിർവ്വഹിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്.

കൂടാതെ സ.ഉ. നം. 11/2018, ത.സ്വ.ഭ. വ. തിയ്യതി 29-1-2018 ഖണ്ഡിക 3.5.6പ്രകാരം അടങ്കൽ തുകയുടെ പരിധി പാലിക്കുന്നതിനായി വ്യത്യസ്ത പ്രദേശങ്ങളിൽ നടത്തുന്ന പ്രവൃത്തികൾ ഒരു പ്രോജക്ടായി തയ്യാറാക്കുന്ന രീതി അനുവദനീയമല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽസൂചിപ്പിച്ച പ്രോജക്ടിൽ വ്യത്യസ്ത ഭാഗങ്ങളിൽ ഉൾപ്പെട്ട നാലു കുടിവെള്ളപദ്ധതികളെ ഒരുമിച്ച്

ചേർത്ത് ഒരു പ്രോജക്ടായി തയ്യാറാക്കി അടങ്കൽ തുകയിലേക്ക് എത്തിച്ചിരിക്കയാണ്. മേൽസൂചിപ്പിച്ച പട്ടികയിലെ രണ്ടാമത്തെയും നാലാമത്തെയും പദ്ധതികൾ 50000രൂപയിൽ താഴെ മാത്രം അടങ്കലുള്ള പദ്ധതികളാണ് . ഇപ്രകാരം പദ്ധതി മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കുന്നതിനായി ക്രമപ്രകാരമല്ലാത്ത രീതിയിൽ പ്രോജക്ടുകൾ ഉണ്ടാക്കുന്നത് അംഗീകരിക്കാവുന്നതല്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/27-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് രൂപീകരണത്തിലും ആയതിന് അംഗീകാരം നൽകുന്ന പ്രവർത്തനങ്ങളിലും മാർഗരേഖയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-36 മരാമത്ത് പ്രവൃത്തികളിൽ രേഖകളുടെയും റജിസ്റ്ററുകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച്

1)സെക്യൂരിറ്റി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും മതിയായ സെക്യൂരിറ്റി വാങ്ങിയിട്ടുണ്ടോ, ആയത് തിരികെ നൽകിയത് യഥാസമയം ആണോ എന്നീ പരിശോധനകൾ നടത്താൻ സാധിച്ചിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി സംബന്ധിച്ച റജിസ്റ്റർ ഇല്ലാത്തതിനാൽ സെക്യൂരിറ്റികൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതകൾ ഉണ്ട്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2) ടെണ്ടർ ഫോം ഇഷ്യൂ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. കൂടാതെ ഇത് സാമ്പത്തിക മൂല്യം ഉള്ളവ ആകയാൽ ദുരുപയോഗം ചെയ്യപ്പെടാനും ഇത്തരം അവസ്ഥ ഇടയാക്കും. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3) റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ റോഡിന്റെ ആകെ നീളത്തിൽ എത്രഭാഗം ടാറിംഗ്, മെറ്റലിങ്ങ്, കോൺക്രീറ്റ്, മണ്ണ് റോഡ് എന്നൊന്നും കൃത്യമായി മനസിലാക്കാനോ ആയതനുസരിച്ച് റോഡ് പ്രവൃത്തികളിൽ വ്യക്തത വരുത്താനോ സാധിക്കില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

4) ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ കൃത്യമായി മനസിലാക്കാനോ ആയതനുസരിച്ച് ഓരോ വർഷവും വകയിരുത്തുന്ന പ്രോജക്ടുകളിൽ വ്യക്തത വരുത്താനോ സാധിക്കില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

5. കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല ; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു

പദ്ധതി മാർഗരേഖയനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും തങ്ങളുടെ അധികാരപരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയതിലെ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിലാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം ഒന്നിലധികം വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായിതന്നെ പൂർത്തിയാക്കേണ്ടതാണ്.

എന്നാൽ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചുവരുന്നത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

1-37 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി. മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 211/21- ചീനിക്കപ്പാറ നടവഴി കോൺക്രീറ്റ് 120000 ബിൽ നം.-19/17-7-2020-100993/- | 27-8-2019 | 28-8-2019 | 45/AE/LSGD /TPA/16-10-2019 സിർലി ജോസ് | 1200 | 0 | 1200 |
| 2 | SO 40/21- അമ്പലപ്പടി | 27-8-2019 | 28-8-2019 | 26/AE/LSGD /TPA/26-9-2019 | 1000 | 0 | 1000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഉള്ളിക്കഞ്ചേരി കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ 74922 ബിൽ നം.-3/30-4-2020-74010/- | | | ടി.വി.ജോർജ് | | | |
| ആകെ | | | | | | | 2200 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/27-12-2021) ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ നഷ്ടമായ തുക 2200രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-38 മരാമത്ത് പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം ലഭ്യമാക്കാതെ അടങ്കലിന്റെ 5% ൽ അധികം തുക നൽകിയിരിക്കുന്നു.

താഴെ സൂചിപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതിയിൽ 4 കുടിവെള്ള പദ്ധതികൾ ഒരുമിച്ച് ഒരു പ്രോജക്ടിന്റെ ഭാഗമായി നിർവ്വഹിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പരും പേരും: SO - 223/21 -ജലസ്രോതസ്സുകളുടെ സംരക്ഷണം

അടങ്കൽ: – 225000, ഫണ്ടിനം: വികസനഫണ്ട് (ജനറൽ )

ചെലവ്: 220378 , ബിൽ നം. 16/20-21 , 27-5-2020, 220378 രൂ.

കരാർ നം.79/AE/LSGD/TPA/19-20, Dt: 25-1-2020 - കരാറുകാരൻ: ബിജു .ജെ. തോമസ്

എം. ബുക്ക് നമ്പർ. 61/2019-20

മേൽസൂചിപ്പിച്ച പ്രോജക്ടിൽ താഴെപ്പറയുന്ന നാലു വ്യത്യസ്ത കുടിവെള്ള പദ്ധതികളാണ ഉൾപ്പെട്ടിട്ടുള്ളത്.

| പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|
| പഞ്ചായത്ത് പൊതു കിണർ നവീകരണം | 58358 |
| ഇഞ്ചക്കവല കുടിവെള്ള പദ്ധതി നവീകരണം | 20139 |
| നിരവ് വാക്കോടൻ കുടിവെള്ള പദ്ധതി നവീകരണം | 86882 |
| അധികാരിപ്പടി കുടിവെള്ള പദ്ധതി നവീകരണം | 33359 |

മേൽസൂചിപ്പിച്ച പദ്ധതികളിൽ പഞ്ചായത്ത് പൊതു കിണർ നവീകരണം, നിരവ് വാക്കോടൻ കുടിവെള്ള പദ്ധതി നവീകരണം, അധികാരിപ്പടി കുടിവെള്ള പദ്ധതി നവീകരണം എന്നീ മൂന്ന് പദ്ധതികൾ മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ആയതിൽ നിരവ് വാക്കോടൻ കുടിവെള്ള പദ്ധതി നവീകരണം എന്നതിന് 100094.2 രൂ. ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് കണക്കാക്കിയിട്ടുള്ള അടങ്കലിന്റെ പരമാവധി 5% അധികരിച്ച തുക വരെ വർക്ക് സ്ലിപ്പിന്റെ അടിസ്ഥാനത്തിൽ നൽകാമെന്നിരിക്കെ ഇതിലും കൂടുതൽ തുക നൽകിയത് ക്രമപ്രകാരമല്ല. ടി വർക്കിൽ വർക്ക് സ്ലിപ്പ് തയ്യാറാക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/27-12-2021)ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ അടങ്കലിനെക്കാൾ വളരെയധികം അധികരിച്ച് നൽകിയ തുക 13212രൂ. ( 100094.2- 86882= 13212.2) ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദമായ ഖണ്ഡിക ഭാഗം 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-39 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 269/21- പൈപ്പ് ലൈൻ നിർമാണം (ജനറൽ) എന്ന പ്രവൃത്തിക്കായി ബിൽ നം . 61/8-3-2021പ്രകാരം 200000 രൂ. കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് തുക കൈമാറിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/28-12-2021) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-40 കൈമാറ്റം ചെയ്യപ്പെട്ട കുടിവെള്ളപദ്ധതികളിൽ 50000രൂപയിൽ താഴെ ചെലവുള്ള പ്രോജക്ടുകൾ നിരവ്വഹിച്ചിരിക്കുന്നു.

താഴെ രേഖപ്പെടുത്തിയിട്ടുള്ള കൈമാറ്റം ചെയ്യപ്പെട്ട കുടിവെള്ളപദ്ധതികളിൽ (ജനറൽ വിഭാഗം) 50000രൂപയിൽ താഴെ ചെലവുള്ള പ്രോജക്ടുകൾ നിരവ്വഹിച്ചിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തി, അടങ്കൽ ( ലംപ്സം+ ജി.എസ്.ടി ഒഴിവാക്കിയുള്ള തുക ) | ബിൽ നം./ തീയതി | കരാറുകാരൻ | എഗ്രിമെന്റ് തീയതി, കരാറുകാരൻ |
|---|---|---|---|---|
| 1 | SO 89/21- മുരിങ്ങേനി കുടിവെള്ള പദ്ധതി 43971 രൂ. | 72/27-3-2021, Rs. 44380 | ഷിജു ജോർജ് | 66/AE/LSGD /TPA/20-21, Dt. 5-11-2021 |

സ.ഉ. നം. 22/2018, ത.സ്വ.ഭ. വ. തിയ്യതി 14-2-2018 ഖണ്ഡിക 6.6.3പ്രകാരം കുടിവെള്ള പദ്ധതിയുടെ തുടർപരിപാലനം ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കണമെന്നും അറ്റകുറ്റപ്പണികൾ ഗുണഭോക്തൃസമിതി നിർവ്വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 50000രൂപയിൽ കൂടുതൽ ചെലവ് വരുന്ന പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നിർവ്വഹിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പരിധിയെക്കാളും വളരെ താഴ്ന്ന ചെലവുകളുള്ള കുടിവെള്ളപദ്ധതികൾ നിർവ്വഹിക്കുന്നത് പദ്ധതി മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗനിർദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പോഷകാഹാര പദ്ധതി-കേന്ദ്ര വിഹിതത്തിൽ നിന്നും അധിക ചെലവ്

2020-21 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പോഷകാഹാര പദ്ധതിയിൽ അധിക ചെലവ് വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്റ്റ് നം 134/2021- അങ്കണവാടി പോഷകാഹാരം(ജനറൽ)
അടങ്കൽ- 1700000(വികസന ഫണ്ട്- 100000+കേന്ദ്ര വിഹിതം- 700000)
ചെലവ്- 1465588(വികസന ഫണ്ട്- 999110+കേന്ദ്ര വിഹിതം- 466478)
പദ്ധതിയുടെ ചെലവ് പത്രിക പ്രകാരമുള്ള ചെലവും ചെലവ് രേഖകളനുസരിച്ചുള്ള ചെലവും വ്യത്യസമുണ്ട്. ചെലവ് പത്രിക അനുസരിച്ച് 1465588/- രൂപ ചെലവുള്ള ഈ പദ്ധതിയിൽ കേന്ദ്ര വിഹിതത്തിന്റെ ചെലവ് രേഖകൾ പ്രകാരമുള്ളതിനെക്കാൾ അധികമാണ്. കേന്ദ്ര വിഹിതത്തിൽ നിന്നും 466478/- രൂപ ചെക്ക് നം. JN 1666930/22.3.2021 പ്രകാരം അമൃതം ഫുഡ്സ്, തച്ചമ്പാറ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.
289649/- രൂപയുടെ ചെലവ് രേഖകളാണ് പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളത്.ചെലവ് രേഖകളും, നല്കിയ തുകയും തമ്മിൽ 176829/- രൂപയുടെ വ്യത്യാസം ഉണ്ട്. സബല പദ്ധതിയ്ക്കായി ഇറക്കിയ ഭക്ഷ്യവസ്തുക്കളുടെയും അവയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവയുടെ ബില്ലുകളുടെ പേയ്മെന്റിലാണ് തുക അധികമായി നല്കിയിട്ടുള്ളത്. വൗച്ചറുകളനുസരിച്ചുള്ള ചെലവിന്റെ വിശദാംശം

| ക്രമ നം | ഇൻവോയ്സ് നം, തിയതി | തുക |
|---|---|---|
| 1 | 219/23.11.2020 | 40787 |
| 2 | 221/23.11.2020 | 30710 |
| 3 | 207/23.10.2020 | 40404 |
| 4 | 208/23.10.2020 | 29986 |
| 5 | 234/23.12.2020 | 40341 |
| 6 | 235/23.12.2020 | 30374 |
| 7 | 196/28.9.2020 | 40022 |
| 8 | 197/28.9.2021 | 29820 |
| 9 | 130/6.6.2020 | 2620 |
| 10 | 131/6.6.2020 | 896 |
| 11 | 147/8.12.2020 | 3689 |
| | ആകെ | 289649 |

അധിക ചെലവിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക്(23/27.12.21) മറുപടിയായി ബിൽ തുകകൾ ആവർത്തിച്ച് കണക്കാക്കിയതിനാൽ പിഴവ് പറ്റിയതാണെന്നും അധികം നല്കിയ തുക 176829/- രൂപ അമൃതം ഫുഡ്സിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചു.

ഓഡിറ്റ് നിർദേശം

ഓരോ ഫണ്ടിൽ നിന്നും  തുക വകയിരുത്തി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥർ കൃത്യത ഉറപ്പാക്കേണ്ടതാണ്.

3-2-1 പാലിന് സബ്സിഡി(സംയുക്തം)-ഉണഭോക്താക്കൾക്ക് 9681 രൂപ അധികം അനുവദിച്ച

2019-20 ൽ ആരംഭിച്ച് 2020-21 സ്പിൽ ഓവർ ആയി നടപ്പാക്കിയ 134/2020(168/21) പദ്ധതിയിൽ അനുവദനീയമായ നിരക്കിലും അധികം തുക അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരം
പ്രോജക്റ്റ്- 134/2020-(168/21) പാലിന് സബ്സിഡി(സംയുക്തം)
അടങ്കൽ-350000(വികസന ഫണ്ട്-250000+ബ്ലോക്ക് വിഹിതം-100000)
ചെലവ്- 153634(വികസന ഫണ്ട്-117520-
1.ബിൽ നം.2/27.11.19-104876 രൂപ
2. ബിൽ നം.4/19.2.20-12644 രൂപ
3. ബിൽ നം. 6/20.3.20-36114 രൂപ (ബ്ലോക്ക് വിഹിതം)
1.2019-20 ൽ ഒരു ലിറ്റർ പാലിന് നാല് രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖയനുസരിച്ച് ക്ഷീര വികസന വകുപ്പിൽ നിന്നുള്ള ഒരു രൂപ ഉൾപ്പടെയാണ്  പരമാവധി നാല് രൂപ അനുവദിക്കാവുന്നത്. തൻവർഷത്തെ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് , ബ്ലോക്ക്

വിഹിതം, തനത് ഫണ്ട് എന്നിവയിൽ നിന്നുമാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ കാലയളവിൽ ക്ഷീര വികസന വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ലഭ്യമായ തുക, ഏത് കാലയളവിലേക്ക് എന്നത് വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് മറുപടി ലഭിച്ചില്ല.

2.ബിൽ നം.4/19.2.20 പ്രകാരം 12644 രൂപ 9 ഗുണഭോക്താക്കൾക്ക് അനുവദിച്ചിരുന്നു. തച്ചമ്പാറ ആപ്കോസിൽ 2019 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ നല്കിയ 3161 പാലിന് ലിറ്ററിന് നാലു രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. ഇതേ ഗുണഭോക്താക്കൾക്ക് ഇതേ കാലയളിലേക്ക് ബിൽ നം.6/20.3.20-36114/-രൂപ – ബ്ലോക്ക് വിഹിതത്തിൽ നിന്നും ലിറ്ററിന് മൂന്നു രൂപ നിരക്കിൽ വീണ്ടും ആനുകൂല്യം നല്കിയിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഒരു ലിറ്ററിന് ഏഴു രൂപ വീതം ലഭിച്ചിട്ടുണ്ട്.

അധികം തുക നല്കിയതിന്റെ വിവരങ്ങൾ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | 4/19.2.20 – 12644 രൂപയിൽ നിന്നും അനുവദിച്ച തുക | ബിൽ നം. 6/20.3.20-36114 രൂപയിൽ നിന്നും അനുവദിച്ച തുക | അധികം നല്കിയത് |
|---|---|---|---|---|
| 1 | കെ.കെ.സുന്ദരൻ | 776 | 576 | 576 |
| 2 | ഷാജി തോമസ് | 2196 | 1626 | 1626 |
| 3 | ബാലകൃഷ്ണൻ | 988 | 732 | 732 |
| 4 | മുരളീധരൻ. | 1000 | 741 | 741 |
| 5 | സേതുമാധവൻ | 2332 | 1727 | 1727 |
| 6 | പി. പി.ബേബി | 1216 | 901 | 901 |
| 7 | ഷെരീഫ കവുകുന്നമേൽ | 1544 | 1144 | 1144 |
| 8 | ലക്ഷ്മിക്കുട്ടി അമ്മ | 572 | 424 | 424 |
| 9 | സത്യഭാമ | 2444 | 1810 | 1810 |
| | ആകെ | 12644 | 9681 | 9681 |

ഗുണഭോക്താക്കൾക്ക് 9681 രൂപ അധികം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, അധികം നല്കിയ തുക 9681 രൂപ തിരികെ ഈടാക്കി അറിയിക്കുകയും ചെയ്യേണ്ടതാണ് .

മേൽസൂചിപ്പിച്ച കാര്യങ്ങളെക്കുറിച്ച് എൻക്വയറി 7/20.12.21 നല്കിയതിന് മറുപടി ലഭിച്ചില്ല.

### 3-2-2 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പരമാവധി തുകയിലും അധികം ആനുകൂല്യം നല്കി

2020-21 വർഷത്തിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിച്ചതിൽ ഒരു ഗുണഭോക്താവിന് നല്കാവുന്ന പരമാവധി തുകയിലും അധികം തുക നല്കിയിട്ടുണ്ട്.

2019-20 ൽ ആരംഭിച്ച് 2020-21 സ്പിൽ ഓവർ ആയി നടപ്പാക്കിയ പദ്ധതിയിലാണ് ഇത്തരത്തിൽ അപാകം വന്നിട്ടുള്ളത്. പദ്ധതിയുടെ വിശദവിവരം

പ്രോജക്റ്റ്- 168/21 (134/2020)- പാലിന് സബ്സിഡി(സംയുക്തം)

നിർവഹണ ഉദ്യോഗസ്ഥൻ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ-350000(വികസന ഫണ്ട്-250000+ബ്ലോക്ക് വിഹിതം-100000)

ചെലവ്-

1)19-2020- 153634(വികസന ഫണ്ട്-117520+36114 രൂപ (ബ്ലോക്ക് വിഹിതം)

2)2020-21- 196366

(വികസന ഫണ്ട്-132480 ബിൽ നം 3/19.2.2020-encashed On 27.5.2020

+63886 രൂപ-ബ്ലോക്ക് വിഹിതം- ബിൽ നം 5/20.3.2020-encashed On 10.6.2020 )

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) 22/2018, 14.2.18 അനുസരിച്ച് ക്ഷീരകർകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ഒരു വർഷം നല്കാവുന്ന പരമാവധി തുക 40000

രൂപയാണ്. 20-21 ൽ അനുവദിച്ച തുകയിൽ ശ്രീ.ഈപ്പൻ ജോർജ് എന്ന ഗുണഭോക്താവിന് രണ്ട് ബില്ലുകളിലുമായി യഥാക്രമം 37474 രൂപയും, 12359 രൂപയും ചേർത്ത് 49833 രൂപ അനുവദിച്ചിട്ടുണ്ട്. മാർഗരേഖയിലെ പരിധി കഴിഞ്ഞ് 9833 രൂപ അനുവദിച്ചത് ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ഇക്കാര്യത്തെക്കുറിച്ച് എൻക്വയറി നം. 7/20.12.21 നല്കിയതിന് മറുപടി ലഭിച്ചില്ല. അധികം നല്കിയ തുക ഈടാക്കാത്തപക്ഷം ആയത് നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതായിരിക്കുന്നതാണ്. മാർഗരേഖയിലെ നിർദേശാനുസരണം മാത്രം തുകകൾ അനുവദിക്കേണ്ടതാണ്.

### 3-3 മരാമത്ത് പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം ലഭ്യമാക്കാതെ അടങ്കലിന്റെ 5% ൽ അധികം തുക നൽകിയിരിക്കുന്നു.

താഴെസൂചിപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതിയിൽ 4 കുടിവെള്ള പദ്ധതികൾ ഒരുമിച്ച് ഒരു പ്രോജക്റ്റിന്റെ ഭാഗമായി നിർവ്വഹിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നമ്പരും പേരും: SO - 223/21 -ജലസ്രോതസ്സുകളുടെ സംരക്ഷണം

അടങ്കൽ: – 225000, ഫണ്ടിനം: വികസനഫണ്ട് (ജനറൽ )

ചെലവ്: 220378 , ബിൽ നം. 16/20-21 , 27-5-2020, 220378 രൂ.

കരാർ നം.79/AE/LSGD/TPA/19-20, Dt: 25-1-2020 - കരാറുകാരൻ: ബിജു .ജെ. തോമസ്

എം. ബുക്ക് നമ്പർ. 61/2019-20

മേൽസൂചിപ്പിച്ച പ്രോജക്റ്റിൽ താഴെപ്പറയുന്ന നാലു വ്യത്യസ്ത കുടിവെള്ള പദ്ധതികളാണ ഉൾപ്പെട്ടിട്ടുള്ളത്.

| പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|
| പഞ്ചായത്ത് പൊതു കിണർ നവീകരണം | 58358 |
| ഇഞ്ചക്കവല കുടിവെള്ള പദ്ധതി നവീകരണം | 20139 |
| നിരവ് വാക്കോടൻ കുടിവെള്ള പദ്ധതി നവീകരണം | 86882 |
| അധികാരിപ്പടി കുടിവെള്ള പദ്ധതി നവീകരണം | 33359 |

മേൽസൂചിപ്പിച്ച പദ്ധതികളിൽ പഞ്ചായത്ത് പൊതു കിണർ നവീകരണം, നിരവ് വാക്കോടൻ കുടിവെള്ള പദ്ധതി നവീകരണം, അധികാരിപ്പടി കുടിവെള്ള പദ്ധതി നവീകരണം എന്നീ മൂന്ന് പദ്ധതികൾ മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ആയതിൽ നിരവ് വാക്കോടൻ കുടിവെള്ള പദ്ധതി നവീകരണം എന്നതിന് 100094.2 രൂ. ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് കണക്കാക്കിയിട്ടുള്ള അടങ്കലിന്റെ പരമാവധി 5% അധികരിച്ച തുക വരെ വർക്ക് സ്ലിപ്പിന്റെ അടിസ്ഥാനത്തിൽ നൽകാമെന്നിരിക്കെ ഇതിലും കൂടുതൽ തുക നൽകിയത് ക്രമപ്രകാരമല്ല. ടി വർക്കിൽ വർക്ക് സ്ലിപ്പ് തയ്യാറാക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/27-12-2021)ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അടങ്കലിനെക്കാൾ വളരെയധികം അധികരിച്ച് നൽകിയ തുക 13212/-രൂ. ( 100094.2- 86882= 13212.2) ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 15.12.21 | ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട് |

4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 18-19 | 34971 | ലൈഫ് ഭവന നിർമ്മാണം (SCP) | 0 | 34971 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 4021 | സാന്ത്വന പരിചരണ പദ്ധതി | 0 | 4021 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 6824 | ലൈഫ് ഭവന പദ്ധതി | 0 | 6824 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 63886 | പാലിന് സബ്സിഡി | 63886 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 227919 | സാന്ത്വന പരിചരണ പദ്ധതി (153/21) | 227919 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 200000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(139/21) | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 144231 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 144231 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18നു മുമ്പുള്ള തുക | 51859 | ശ്മശാന നവീകരണം | 0 | 51859 |
| ജില്ലാ പഞ്ചായത്ത് | 19-20 | 10747 | ലൈഫ് ഭവന പദ്ധതി | 0 | 10747 |

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകകൾ

ഒന്നുമില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 26,00,000/- രൂപ വരവുണ്ട്. മുൻബാക്കി 20,22,201/-രൂപയും തൻവർഷ പലിശ 48,731/-രൂപയും ഉൾപ്പെടെ 46,70,932/- രൂപ ലഭ്യമായതിൽ 38,40,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ബാക്കി 8,30,932/-രൂപ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | തിരിച്ചട വസാനം വർഷാ യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 1).KURDFC ലോൺ (ലൈഫ് ) | - | 2600000 | 23547059 | 1639059 | - | 24508000 |
| 2). ഇ.എം.എസ് ലോൺ | - | - | പലിശ-2226596 | | * 600000 | പലിശ-1626596 |

*സംസ്ഥാന സർക്കാർ നേരിട്ട് അടവാക്കിയ തുക.

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നുമില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 7872726 |
| ഓഡിറ്റ് വർഷത്തെ വരവ് | 58359858 |
| ആകെ | 66232584 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 58356265 |
| നീക്കിയിരിപ്പ് | 7876319 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | 211755 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 269737 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 176829 | ശ്രീമതി .കണ്ണമ്മ. യു.ആർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

| | | |
|---|---|---|
| 3-2-1 | 9681 | ശ്രീ. ജയകുമാർ.ആർ.ജി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-2-2 | 9833 | ശ്രീ. ജയകുമാർ.ആർ.ജി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-3 | 13212 | ശ്രീ. റഷീദ്.ഇ. , അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 55909 | സുരേഷ്.പി. സെക്രട്ടറി ഇൻ ചാർജ് |
| 1-32 | 14726 | ശ്രീ. ഗോപീകൃഷ്ണൻ, സെക്രട്ടറി |
| 1-33 | 199102 | ശ്രീ. സുജി.എസ്. , അസി.എഞ്ചിനീയർ |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 1-37 | 2200 | ശ്രീ. റഷീദ്.ഇ. , അസി.എഞ്ചിനീയർ |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ്.പി, അസി. സെക്രട്ടറി | അസി. സെക്രട്ടറി | സാന്ദ്രം ഹൗസ് , എതിർപണം പി.ഓ., മണ്ണാർക്കാട് പാലക്കാട് |
| ശ്രീമതി .കണ്ണമ്മ. യു.ആർ, | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വലിയ പറമ്പിൽ വീട് പാക്കുളം താവളം പി.ഓ അട്ടപ്പാടി പാലക്കാട് |
| ശ്രീ. റഷീദ്.ഇ. | അസി.എഞ്ചിനീയർ | ഇളമ്പിലാവിൽ ഹൗസ്, ഭീമനാട് പി.ഓ, പാലക്കാട് ജില്ല. |
| ശ്രീ. ജയകുമാർ.ആർ.ജി, | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ബി.എൽ.ആർ.എ16 ബ്രിഗേഡിയർ ലൈൻ വികാസ് ഭവൻ തിരുവനന്തപുരം പി.ഓ |
| ശ്രീ. ഗോപീ കൃഷ്ണൻ, | സെക്രട്ടറി | റ്റി.സി.36/815, മഞ്ചിമ, പെരുന്താണ്ണി വള്ളക്കടവ് പി.ഓ തിരുവനന്തപുരം 695008 |
| ശ്രീ. സുജി.എസ്. , | അസി.എഞ്ചിനീയർ | സുവിൻ നിവാസ് ഭാവന നഗർ 119 കടപ്പാക്കട പി.ഓ കൊല്ലം-691008 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികൾ |
|---|---|---|
| 1996-97 | LFP4/50/02/22.01.02 | മുഴുവൻ |
| 1997-98 | LFP4/51/02/22.01.02 | -ടി- |
| 1998-99 | LFP9/681/04/18.08.04 | -ടി- |
| 1999-00 | LFP9/186/05/28.01.06 | -ടി- |
| 2000-01 | LFP9/180/07/14.02.08 | -ടി- |
| 2001-02 | LFP9/48/09/18.11.10 | -ടി- |
| 2002-03 | LFP9/48/09/20.12.10 | -ടി- |
| 2003-04 | LFP9/2180/13/30.12.13 | -ടി- |
| 2004-05 | LFP9/2181/13/30.12.13 | -ടി- |
| 2005-06 | LFP9/2182/13/30.12.13 | -ടി- |
| 2006-07 | LFP9/2183/13/30.12.13 | -ടി- |
| 2007-08 | LFP9/1797/13/13.12.13 | -ടി- |
| 2008-09<br>2009-10<br>2010-11 | LFP9/1722/12/ 10-10-2012 | -ടി- |
| 2011-12 | LFP9/308/14/21.03.14 | -ടി- |
| 2012-13 | LFP9/222/15/10.3.15 | -ടി- |
| 2013-14 &<br>2014-15 | നം.കെ.എസ്.എ-<br>പികെഡി 9/ 1011/16<br>തീ.14-7-16 | -ടി- |
| 2015-16 | നം.കെ.എസ്.എ-<br>പി.കെ.ഡി. 9-223/2017<br>തീ.8.2.2017 | -ടി- |
| 2016-17 | നം.കെ.എസ്.എ-<br>പി.കെ.ഡി. 9- 1745/17<br>തീയതി- 13.11.17 | -ടി- |
| 2017-18 | നം.കെ.എസ്.എ-<br>പി.കെ.ഡി. 9-454/2017<br>തീ.21.5.2019 | ടി |
| 2018-19 | നം.കെ.എസ്.എ-<br>പി.കെ.ഡി. 9-121/2020<br>തീ. 12-5-2020 | ടി |
| 2019-20 | നം.കെ.എസ്.എ- | ടി. |

| | | |
|---|---|---|
| | പി.കെ.ഡി. 9/20/2022<br>തീ. 16-02-2022 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

Thachampara Grama Panchayat BALANCE SHEET

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 540649.00 |
| 312000000 | Reserves | B-3 | 60538245.00 |
| | Total Reserve & Surplus | | 61078894.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3285495.00 |
| | Total Grants, Contributions for Specific Purposes | | 3285495.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 24508000.00 |
| | Total Loans | | 24508000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 836833.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 991625.00 |
| | Total Current Liabilities and Provisions | | 1828458.00 |
| | TOTAL LIABILITIES | | 90700847.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 71410691.00 |
| 411000000 | Accumulated Depreciation | B-11 | -13626559.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 57784132.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 528945.00 |
| 440000000 | Pre-paid Expenses | B-16 | 23748000.00 |
| 450000000 | Cash and Bank Balance | B-17 | 7876319.00 |
| 460000000 | Loans, Advances and Deposits | B-18 | 763451.00 |
| | Total Current Assets, Loans and Advances | | 32916715.00 |
| | Other Assets | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | | 90700847.00 | |

Thachampara Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3715081.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3000.00 |

| | | | |
|---|---|---|---|
| 140000000 | Fee & User Charges | I-4(b) | 705934.00 |
| 150000000 | Sale & Hire Charges | I-5(b) | 129414.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 123175120.00 |
| 171000000 | Interest Earned | I-8 | 105495.00 |
| 180000000 | Other Income | I-9 | 15355.00 |
| | Total Income | | 127849399.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8261858.00 |
| 220000000 | Administrative Expenses | I-11(b) | 1325948.00 |
| 230000000 | Operations & Maintenance | I-12(b) | 1887392.00 |
| 240000000 | Interest & Finance Charges | I-13 | 2610.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3655572.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 46171720.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2337744.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3249776.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 50901600.00 |
| 255000000 | Maintenance Projects | I-14(e) | 6640056.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 300000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 679467.00 |
| 272000000 | Depreciation | I-17(a) | 6072344.00 |
| | Total Expenditure | | 131486087.00 |
| | Gross Surplus/ Deficit of income over Expenditure | | -3636688.00 |
| 280000000 | Prior Period Item | I-18 | -3879.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3632809.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7872726.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 886950.00 |
| 130000000Thachampara Grama Panchayat | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 625534.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | RP-5 | 124414.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 42355501.00 |
| 171000000 | Interest Earned | RP-9 | 105495.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6522936.00 |
| 350000000 | Other Liabilities | RP-36 | 224020.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 16355.00 |
| 330000000 | Secured Loans | RP-32 | 2600000.00 |
| 340000000 | Deposits Received | RP-34 | 237009.00 |
| 341000000 | Deposit Works | RP-35 | 5000.00 |
| 350000000 | Other Liabilities | RP-36 | 160756.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3020836.00 |
| 460000000 | Loans, Advances and Deposits | RP-47 | 1472052.00 |
| | Grand total | | 66232584.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2934839.00 |
| 220000000 | Administrative Expenses | RP-12 | 1325948.00 |
| 230000000 | Operations & Maintenance | RP-13 | 1884992.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3655572.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11964974.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2337744.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 3249776.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 348000.00 |
| 255000000 | Maintenance Projects | RP-20 | 6640056.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 679467.00 |
| 280000000 | Prior Period item | RP-26 | 2772.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 360493.00 |
| 350000000 | Other Liabilities | RP-36 | 3649041.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 2610.00 |
| 280000000 | Prior Period Item | RP-26 | -4020.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 30250.00 |
| 350000000 | Other Liabilities | RP-36 | 1130168.00 |
| 410000000 | Fixed Assets | RP-38 | 12553210.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 366593.00 |
| 440000000 | Pre-paid Expenses | RP-45 | 3840000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1403780.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7770865.00 |
| Cash | Cash | RP-40(b) | 105454.00 |
| | Grand Total | | 66232584.00 |